## ആമുഖം

### പൊതു വിദ്യാലയങ്ങൾ — മികവിന്റെ കേന്ദ്രങ്ങളായി മാറുന്ന

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി, നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ബൗദ്ധിക, മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്.

പൊതു വിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ട് കൊണ്ടുപോകാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ആണ് ഈ മാസ്റ്റർപ്ലാനിന്റെ പ്രധാന ലക്ഷ്യം. എല്ലാ പൊതുവിദ്യാലയങ്ങളെയും മികവിന്റെ മാതൃകകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ, വിദ്യാലയത്തിന് മികച്ച വഴികാട്ടിയാവുമെന്നുറപ്പാണ്.

എല്ലാ ശൈക്ഷണിക പദ്ധതികളെയും ഉത്സാഹത്തോടെ ഏറ്റെടുക്കുന്ന എ.എം.എൽ.പി. സ്കൂൾ ഒളവട്ടൂർ, സജീവമായ പി.ടി.എ, എം.ടി.എ, അധ്യാപക സംഘം, രക്ഷിതാക്കൾ, പൊതുസമൂഹം എന്നിവയുടെ സഹകരണത്തോടെ പുതിയ വിദ്യാഭ്യാസ വർഷത്തിലും മികവിന്റെ പാതയിൽ തുടരണം എന്ന ദൃഢ പ്രതിജ്ഞയോടെയാണ് ഈ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കുമായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർപ്ലാൻ അതിന്റെ ഉദ്ദേശ്യങ്ങൾ നേടിയെടുക്കുമെന്ന് ഉറപ്പോടെയും അഭിമാനത്തോടെയും സമർപ്പിക്കുന്നു.

പി.ടി.എ. പ്രസിഡണ്ട്

ഹെഡ്മാസ്റ്റർ

എം ടി എ പ്രസിഡണ്ട്

## പൊതു ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

3. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.

4. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.

5. ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്സ്റൂമുകളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.

6. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ് തുടങ്ങിയവ ആധുനികവത്കരിക്കും.

7. ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകും. ഇതിനായി വ്യക്തിഗത പി.ടി.എ./കോർണർ പി.ടി.എ.കൾ ചേരും.

8. ഒന്നാം ക്ലാസ് മുതൽ 4- ാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ എസ്.ആർ.ജി.യുടെ നേതൃത്വത്തിൽ ലഭ്യമാക്കും.

9. 'വിദ്യാലയം ഒരു പാഠപുസ്തകം' എന്ന ആശയം മുൻനിർത്തി അറിവുനിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.

10. ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഒഴിവാക്കി 'ആക്ടീവായ' വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.

11. ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.

12. മാലിന്യ മുക്ത വിദ്യാലയം.ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമ്മാർജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.

13. കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ

14. വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.

15. പോക്സോ സംബന്ധമായ ബോധവൽക്കരണം.

26. രാസ ലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്കെതിരെ മുൻകരുതലുകൾ.

# അക്കാദമിക ഭൗതിക നേട്ടങ്ങൾ -പരിമിതികൾ

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| • അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം.<br>• ആധുനിക രീതിയിൽ നവീകരിച്ച ശിശു സൗഹൃദമായ കെട്ടിട സമുച്ചയം<br>• മികച്ച ലൈബ്രറി, ലാബ്, കമ്പ്യൂട്ടർ പഠന സൗകര്യം.<br>• 'ഓരോ കുട്ടിയും ഒന്നാമനാണ്" പദ്ധതി കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു.<br>• കലാപഠനം, പ്രവൃത്തിപരിചയപഠനം, കായികപഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം<br>• പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് <u>അമ്മയുമൊത്തു</u> എന്ന പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ<br>• പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗത സപ്പോർട്ട്<br>• സർഗ്ഗാത്മക വേദികൾ, ആശയപ്രകടന വേദികൾ, ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം.<br>• പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു.<br>• കാർഷിക പ്രവൃത്തികൾ. ജൈവ വൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രദാനം ചെയ്യൽ. | • മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിത ശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല<br>• മികച്ച ലാബ്, ലൈബ്രറി സംവിധാനങ്ങൾ ഉണ്ടെങ്കിലും സ്വതന്ത്രമായി കുട്ടികൾക്ക് ഇടപെടാനുള്ള അവസരമില്ല. സയൻസ് ലാബ് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടാനുണ്ട്.<br>• വായനക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്. വായനയിലേക്ക് കുട്ടികളെ നയിക്കാൻ സാധിച്ചിട്ടില്ല<br>• മത്സരപരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാനമേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.<br>• ഐ.ടി. അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ്റും പ്രവർത്തനങ്ങളൊരുക്കാനായിട്ടില്ല എല്ലാ അധ്യാപകർക്കും സാധിച്ചിട്ടില്ല.<br>• കുട്ടികളുടെ പഠന പിന്നാക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. 20% കുട്ടികളെങ്കിലും പിന്നോക്കക്കാരാണ്.<br>• IED കുട്ടികളുടെ പഠനപിന്തുണാ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്.<br>• ആധുനിക രീതിയിലുള്ള കമ്പ്യൂട്ടർ ലാബ് ഉണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തിനാവശ്യമായ കംപ്യൂട്ടറുകളുടെ എണ്ണത്തിലുള്ള കുറവ് .സ്ഥിരതയുള്ള ഇന്റർനെറ്റ് കവറേജ് ഇല്ലാത്തത് പഠന പ്രവർത്തനങ്ങൾ ict യുമായി ബന്ധിപ്പിച്ചു നല്കാൻ പ്രയാസം നേരിടുന്നു .കെ-ഫോൺ കണക്ഷൻ അതുവരെ ലഭ്യമാക്കിയിട്ടില്ല . |

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
7. മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.
3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
6. ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാ ശേഷികൾ നേടാൻ സചിത്ര നോട്ട് ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക
7. ക്ലാസ്സ് തല വായന മൂല ,സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക .
8. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമാണ വർക്ക് ഷോപ്പുകൾ ആസൂത്രണം ചെയ്യുക .

## പരിസര പഠനം

1. ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
3. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
4. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.
5. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
6. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം

1. ജനാധിപത്യ വേദികൾ ഒരുക്കുക.
2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
4. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ

## ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
4. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
5. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക

## പ്രവൃത്തി പരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. പാഴ്വസ്തുക്കളിൽനിന്ന് പഠനോപകരണങ്ങളോ, പ്രയോജനപ്രദമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയങ്ങളുമായി/പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
5. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
3. ആരോഗ്യ ശീലങ്ങൾ വളർത്തുക.
4. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
5 ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

## അറബിക്

1. എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക .
2. കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.
3. വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കു ന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിലൊരുക്കുക.
4. വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യമനോഭാവങ്ങൾ ഭാഷാ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.
5 ഭാഷാ പഠനത്തിൽ ഐ.ടിയുടെ സാധ്യതകൾ പ്രയോജന പ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.

# വിലയിരുത്തൽ, രേഖപ്പെടുത്തൽ, അക്കാദമിക മോണിറ്ററിങ്

---

## അക്കാദമിക് മോണിറ്ററിംഗ് (Academic Monitoring)

വിദ്യാർത്ഥികളുടെ പഠന പുരോഗതി ഉറപ്പുവരുത്തുന്നതിനായി അധ്യാപകരുടെ ആസൂത്രണം, ക്ലാസ് മുറിയിലെ ഇടപെടലുകൾ, കുട്ടികളുടെ പങ്കാളിത്തം, പഠനപ്രവർത്തനങ്ങൾ എന്നിവയുടെ ശാസ്ത്രീയ അവലോകനമാണ് അക്കാദമിക് മോണിറ്ററിംഗ്. പഠനം കേവലം ലക്ഷ്യബദ്ധമായതല്ല, കുട്ടികളെ ആഴത്തിലുള്ള അറിവിലേക്കും കഴിവിലേക്കും നയിക്കുന്നതുമാകണം. ഇത് ഉറപ്പാക്കുവാൻ മേൽനോട്ട ഉദ്യോഗസ്ഥർ സ്കൂൾതല പ്രവർത്തനങ്ങൾ പ്രതിവാരമായി വിലയിരുത്തുകയും അനുയോജ്യമായ പുനഃസംഘടനയ്ക്കും പിന്തുണയ്ക്കും തുടർന്നുള്ള ഇടപെടലുകൾക്കും നേതൃത്വം നൽകുകയും വേണം.

### പ്രവർത്തന ലക്ഷ്യങ്ങൾ:

- വിദ്യാലയങ്ങളിൽ **HELP 2025** പ്രകാരമുള്ള പഠനപദ്ധതികൾ നടത്തപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കുക.
- അധ്യാപകരുടെ ആസൂത്രണത്തിന്റെയും ക്ലാസ് റൂം ഇടപെടലിന്റെയും ഗുണനിലവാരം വിലയിരുത്തുക.
- കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തുന്നതിനുള്ള ഡിജിറ്റൽ തെളിവുകൾ, ക്ലാസ് പ്രവർത്തനങ്ങൾ, പോർട്ട്ഫോളിയോ മുതലായവ പരിശോധിക്കുക.
- ശ്രദ്ധയാകർഷിക്കേണ്ട മേഖലകളെ തിരിച്ചറിഞ്ഞ് പിന്തുണ നൽകുക.
- വിദ്യാലയ തലത്തിലുള്ള കൂട്ടായ്മകളെ (PTA, HM, SMC, SSK) പ്രോത്സാഹിപ്പിക്കുക.

### പ്രവർത്തന ഘട്ടങ്ങൾ:

- തീയതി നിശ്ചയിച്ച സന്ദർശനം:
  - ഡയറ്റ്, DEO, AEO തുടങ്ങിയ ഉദ്യോഗസ്ഥർ പ്രതിവാരം ഒരു സ്കൂൾ സന്ദർശിക്കും. **HELP 2025** ഹാൻഡ്ബുക്കിലെ നിർദ്ദേശങ്ങൾ അനുസരിച്ച് അവലോകനം നടത്തും.
- മോണിറ്ററിംഗ് ഉപാധികൾ:
  - **UNIT WISE MONITORING FORMAT:** ഒന്നാം ഭാഗം: പഠനഫലങ്ങൾ, പ്രവർത്തനങ്ങൾ, ചോദ്യങ്ങൾ, പോയിന്റുകൾ എന്നിവ.
  - **PORTFOLIO EVIDENCE:** കുട്ടികളുടെ പ്രവർത്തനങ്ങൾ, ചിത്രങ്ങൾ, വിലയിരുത്തൽ രേഖകൾ.
  - **NOTEBOOK ENTRY CHECKLIST:** ക്ലാസ്സിലെ റിവ്യൂ, ഓൺ-ദ-സ്പോട്ട് വിലയിരുത്തൽ.
  - **OBSERVATION TOOL:** കൃത്യമായി തയ്യാറാക്കിയ ക്ലാസ് റൂം നിരീക്ഷണ ഫോർമാറ്റ്.

- ഉദ്യോഗസ്ഥരുടെ പങ്കുകൾ:
    - **SCERT/DIET** ഫാക്കൽറ്റി അംഗങ്ങൾ: വിലയിരുത്തലിന്റെ ശാസ്ത്രീയത ഉറപ്പാക്കുക.
    - **DIET PRINCIPAL:** ജില്ലാതല മാർഗ്ഗനിർദ്ദേശം.
    - **DDE, DEO, AEO:** സ്കൂൾ തല ഫീഡ്ബാക്കും അധ്യാപക പിന്തുണയും.
    - **DPC, BPC:** പദ്ധതി നടപ്പാക്കലിന്റെ കൃത്യതയും ഉപജില്ലാതല സഹായങ്ങളും.
    - വിദ്യാകിരണം മിഷൻ കോർഡിനേറ്റർ: ഡോക്യുമെന്റേഷൻ, ഡിജിറ്റൽ രേഖകൾ.
- പ്രതിവാര അവലോകനം:
    - സന്ദർശനം, കുട്ടികളുടെ പ്രവർത്തനം, അധ്യാപകരുടെ ആസൂത്രണം, ക്ലാസ് അന്തരീക്ഷം എന്നിവയുടെ റിപ്പോർട്ട്.
    - ബ്ലോക്ക്/ജില്ലാതല അവലോകന യോഗങ്ങൾ മുഖേന സംവേദനം.

### വിലയിരുത്തൽ:

- **HELP 2025** പ്രകാരം ഓരോ യൂണിറ്റിനും സൂക്ഷ്മ നിരീക്ഷണ റിപ്പോർട്ട് തയ്യാറാക്കുക.
- കുട്ടികളുടെ പ്രതികരണങ്ങൾ, പഠന ലഘുചിത്രങ്ങൾ, പോർട്ട്ഫോളിയോ നോട്ടുകൾ എന്നിവ പരിശോധിക്കുക.
- അധ്യാപകരുടെ ടെക്സ്റ്റ് ബുക്ക്, ഡയറികൾ, യഥാസമയം എഴുതി വച്ച ആസൂത്രണങ്ങൾ പരിശോധിക്കുക.
- റീഡേഴ്സ് തിയേറ്റർ, ഗ്രൂപ്പ് പ്രവർത്തനങ്ങൾ, ആക്ടിവിറ്റി ബേസ്ഡ് അധ്യാപനം, സാമൂഹ്യ-ഭാഷാവികാസം തുടങ്ങിയ ഘടകങ്ങൾക്കുള്ള പങ്കാളിത്തം.
- അധ്യാപകരുമായി പ്രതികരണ സംവാദം നടത്തി മാർഗ്ഗനിർദ്ദേശം നൽകുക.

---

## വികാസപ്രദ വിലയിരുത്തൽ (Formative Assessment)

വികാസപ്രദ വിലയിരുത്തൽ **(Formative Assessment)** എന്നത് പഠനപ്രക്രിയയിൽ ഉൾനിന്നും ഉയരുന്ന ഒരു സമഗ്രതയും പ്രതിഫലനവുമാണ്. പഠനത്തിനും അധ്യാപനത്തിനുമിടയിലെ ദിശാബോധം നൽകുന്ന വളർച്ചാകേന്ദ്രമാണ് ഇത്. കുട്ടിയുടെ അറിവ്, പ്രക്രിയാശേഷി, പങ്കാളിത്തം, ആശയവിനിമയം, ആശയധാരണ തുടങ്ങിയവയെ അടിസ്ഥാനമാക്കി നിരന്തരം മുന്നോട്ടുപോകുന്ന ശൈലി വളർത്തുന്നതാണ് വികാസപരമായ വിലയിരുത്തൽ. **KCF 2023** ന്റെ അടിസ്ഥാനത്തിൽ പഠനത്തിലേക്കുള്ള പ്രക്രിയാഗത വളർച്ചക്കായാണ് വിലയിരുത്തലിന്റെ മുഖ്യഭൂമി.

### പ്രവർത്തന ലക്ഷ്യങ്ങൾ:

- കുട്ടിയുടെ പഠനപ്രവൃത്തിയിൽ പങ്കാളിത്തം, ധാരണ, പ്രകടനം, മെച്ചപ്പെടുത്തൽ എന്നിവയുടെ ആധികാരിക വിലയിരുത്തൽ നടത്തുക.
- തത്സമയത്തിൽ കുട്ടിയുടെ പഠന പുരോഗതിയെ തിരിച്ചറിയാനും പിന്തുണയ്ക്കാനും കഴിയുക.
- വൈവിധ്യമാർന്ന പഠന രീതികളിൽ ഉൾപ്പെടുത്തിയ വളർച്ച തിരിച്ചറിയുക.
- അധ്യാപകർക്ക് അവരുടെ പഠനനടപടികൾ വിലയിരുത്താനും, മെച്ചപ്പെടുത്താനും സഹായിക്കുക.
- പോർട്ട്ഫോളിയോ വിലയിരുത്തലിന്റെ ഭാഗമായി കുട്ടിയുടെ അതിജീവനവൈവിധ്യങ്ങൾ ഉൾപ്പെടുത്തുക.

### പ്രവർത്തന ഘട്ടങ്ങൾ:

- പഠനപ്രക്രിയ വിലയിരുത്തൽ:
  - പ്രവർത്തന പങ്കാളിത്തം:
    - പ്രവർത്തനം ഏറ്റെടുത്തു?
    - ഗ്രൂപ്പിൽ പ്രവർത്തിച്ചു?
    - ആശയങ്ങൾ പങ്കുവെച്ചു?
  - ആശയധാരണ:
    - ഉള്ളടക്കം മനസ്സിലാക്കിയിരിക്കുന്നു?
    - അറിവ് നിർമ്മാണം നടന്നിട്ടുണ്ടോ?
- പ്രക്രിയാശേഷി വിലയിരുത്തൽ:
  - മുൻധാരണകൾ എന്തെല്ലാമായിരുന്നു?
  - പുതിയ പ്രക്രിയാശേഷികൾ വിജയകരമായി കൈവരിച്ചോ?
- പ്രകടനം / അവതരണം:
  - ഗ്രൂപ്പ് പ്രവർത്തനത്തിനു ശേഷം വ്യക്തിഗതമായി ഫലപ്രദമായി അവതരിപ്പിച്ചു?
  - താൻ കണ്ടെത്തിയ കാര്യങ്ങൾ യുക്തിപൂർവമായി വിശദീകരിച്ചു?
- രേഖപ്പെടുത്തൽ:
  - പ്രവർത്തനങ്ങൾക്കുള്ള രേഖപ്പെടുത്തലുകൾ നടത്തിയിരിക്കുന്നു?
  - അതിനുള്ള ആകൃതിയും അതിന്റെ അടക്കം, മനസ്സിലാക്കാവുന്ന വിധത്തിലുള്ള അവതരണമാണ്?
  - ഗ്രൂപ്പ് ചർച്ചകൾക്ക് ശേഷം സാധ്യമായ രേഖകൾ നൽകിയിട്ടുണ്ടോ?

## വിലയിരുത്തൽ മാർഗ്ഗങ്ങൾ:

- നിരീക്ഷണം **(Observation):**
  - അധ്യാപകന്റെ ദൈനംദിന നിരീക്ഷണ റിപ്പോർട്ടുകൾ, ചെക്ക് ലിസ്റ്റ്.
- അഭിമുഖം **(Interview):**
  - കുട്ടിയുമായുള്ള സൗഹൃദപരമായ സംവാദം.
- റേറ്റിംഗ് സ്കെയിൽ:
  - പ്രവർത്തനത്തിലെ വിവിധ ഘടകങ്ങൾ 1 മുതൽ 5 വരെ സ്കോർ ചെയ്യുക.
- കേസ്സ്റ്റഡി / സ്കെച്ചുകൾ / ഡയറി നോട്ടുകൾ:
  - വ്യക്തിഗത പഠനത്തിലെ പുതിയ വഴികൾ അടയാളപ്പെടുത്തുക.
- സ്വയം വിലയിരുത്തൽ ഫോറങ്ങൾ:
  - കുട്ടി സ്വയം തന്റെ വളർച്ചയെക്കുറിച്ച് രേഖപ്പെടുത്തുന്നത്.

## പോർട്ട്ഫോളിയോ വിലയിരുത്തൽ:

- പ്രതിമാസം ഓരോ കുട്ടിയുടെയും പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ സമാഹരിച്ച് പോർട്ട്ഫോളിയോ രൂപത്തിൽ നിക്ഷേപിക്കുക.

- ക്ലാസ് PTA യോഗങ്ങളിൽ രക്ഷിതാക്കളുമായി ഓരോ വിഷയങ്ങൾക്ക് ചർച്ച ചെയ്യുക.
- **HELP 2025** ക്ലാസ് പ്രവർത്തനങ്ങൾക്ക് ശേഷം വിലയിരുത്തലുകളുമായി ബന്ധിപ്പിക്കുക.

## KCF 2023 നിർദ്ദേശങ്ങൾ അനുസരിച്ച്:

- വിദ്യാർത്ഥികൾ ടീമുകൾ കൂട്ടായ അന്വേഷണം, നാടക, പ്രവൃത്തികൾ, അഭിനയങ്ങൾ എന്നിവ ഉൾപ്പെടുത്തണം.
- ഭിന്നശേഷിക്കാരായ കുട്ടികൾക്കും എളുപ്പത്തിൽ അനുയോജ്യമായ രീതിയിൽ ഉൾപ്പെടുത്തണം.
- വിദ്യാർത്ഥികൾക്ക് കൃത്യതയും സ്വാതന്ത്ര്യവും ഉറപ്പാക്കണം.
- സമൂഹത്തിൽ നടക്കുന്ന വിഷയങ്ങളുടെ വിശകലനത്തിലൂടെ മൂല്യബോധവും നിലപാടുകൾ സൃഷ്ടിക്കണം.

---

**HELP 2025** പ്രവർത്തനങ്ങളും, സമഗ്ര പുരോഗതി നേടാനും, പ്രാദേശിക വിഭവങ്ങൾക്കായുള്ള ക്ലാസ് തിരി പ്രതിദിന ആസൂത്രണം എന്നിവയുമായി സംയോജിപ്പിച്ച് പഠന മാറ്റങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധ്യാപക പിന്തുണയും, ആധുനിക രീതിശാസ്ത്രവും ഉൾപ്പെടുത്തിയ വിദ്യാഭ്യാസ സംവിധാനത്തിന്റെ ഉദാഹരണമാണ്.

---

# സമഗ്ര പുരോഗതി രേഖ (Holistic Progress Card)

ഒരു കുട്ടിയുടെ പുരോഗതി ഒരു ബഹുമേഖലാപരമായ പ്രക്രിയയാണ്. അതിനാൽ വളർച്ചയെ ശാസ്ത്രീയമായി രേഖപ്പെടുത്താനും ശേഖരിക്കാനും, തുടർന്നുള്ള അധ്യയനത്തിനും പിന്തുണയ്ക്കുന്നതിനും വേണ്ടിയാണ് സമഗ്ര പുരോഗതി രേഖ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇതൊരു പരീക്ഷാ മാർക്കിനപ്പുറം, കുട്ടിയുടെ ബുദ്ധിപരമായ കഴിവ്, സാമൂഹികമായ പെരുമാറ്റം, സൃഷ്ടിപരമായ കഴിവുകൾ, മാനസികാവസ്ഥകൾ, ശാരീരികക്ഷമത തുടങ്ങിയവയെ സമാനമായി വിലയിരുത്തുകയും രേഖപ്പെടുത്തുകയും ചെയ്യുന്നു. ഈ രേഖ ഓരോ ക്ലാസിലും തുടർച്ചയായി പുതുക്കപ്പെടുകയും അടുത്ത ക്ലാസിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും വേണം.

## പ്രവർത്തന ലക്ഷ്യങ്ങൾ:

- കുട്ടിയുടെ ബഹുമേഖലാപരമായ വളർച്ച രേഖപ്പെടുത്തുക.
- ബുദ്ധിമുട്ടുകളും പുരോഗതിയും തിരിച്ചറിയുകയും അതനുസരിച്ച് ഇടപെടലുകൾ ആസൂത്രണം ചെയ്യുകയും ചെയ്യുക.
- അഭിപ്രായങ്ങൾ, നിരീക്ഷണങ്ങൾ, വിവരങ്ങൾ എന്നിവ കൃത്യമായി ഒറ്റ രേഖയിൽ ഉൾപ്പെടുത്തുക.
- തുടർച്ചയായ അധ്യയനത്തിന് ശാസ്ത്രീയത നൽകുക.
- പാഠപദ്ധതികൾ, പഠനശൈലികൾ, അധ്യാപക ഇടപെടലുകൾ എന്നിവയുടെ ഫലപ്രാപ്തി വിലയിരുത്തുക.

## പ്രവർത്തന ഘട്ടങ്ങൾ:

- രേഖയുടെ രൂപരേഖ തയ്യാറാക്കൽ:
  - പ്രധാന മേഖലകൾ:
    - വൈജ്ഞാനികം (Academic)
    - വൈകാരികം (Emotional)
    - സാമൂഹികം (Social)
    - ശാരീരികം (Physical)
    - മാനസികം (Mental)
    - ആചരണപൂർണ്ണത / മൂല്യബോധം
    - ആശയവിനിമയക്ഷമത
    - സഹപാഠികളുമായുള്ള ഇടപെടൽ / സഹകരണം
- വിലയിരുത്തലിന്റെ ഘടകങ്ങൾ നിർണ്ണയിക്കൽ:
  - ഓരോ മേഖലയിലെയും നിരീക്ഷണ രേഖകൾ.
  - അധ്യാപക കമന്റുകൾ / PTA വിലയിരുത്തൽ.
  - ക്ലാസ്സ് പ്രവർത്തനങ്ങൾ, പ്രദർശനങ്ങൾ, അർഹതകൾ.
- കാലക്രമാനുസൃതമായി രേഖപ്പെടുത്തൽ:
  - മാസംപ്രതിയും പാദംപ്രതിയും ആയി നിരീക്ഷണങ്ങളും വിലയിരുത്തലുകളും രേഖപ്പെടുത്തുക.
  - കുട്ടിയുടെ സ്വഭാവ വ്യത്യാസങ്ങൾ, വളർച്ചാനടവുകൾ എന്നിവ ഇടപെടലുകൾക്കനുസൃതമായി രേഖപ്പെടുത്തുക.
- പുതിയ ക്ലാസിലേക്ക് കൈമാറ്റം:

# പ്രവർത്തന പദ്ധതികൾ

## മലയാളം

പ്രവർത്തനം : 1
പേര് : **പുസ്തകം എന്റെ ചങ്ങാതി**
ഉപമേഖല വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു. ലഘുവിവരണവും പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം (രണ്ട് പുസ്തകം) | ആനന്ദൻ മാഷ് | 1000 |

പ്രവർത്തനം : 2
പേര് : **എന്റെ പിറന്നാൾ പുസ്തകം**
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 3
പേര് : **ഉച്ചഭാഷിണി വായന**
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർത്ഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു. | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 4
പേര് : അക്ഷരക്കൂട്ടം (വായനാകോർണർ)
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക<br><br>റീഡേഴ്സ് തിയേറ്റർ | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്സ്മുറികളിലും പ്രത്യേകം വായനാ കോർണർ ഒരുക്കുന്നു.<br>ക്ലാസ്സ്റൂം പ്രക്രിയകളിൽ ഇതിന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി കമ്മറ്റി<br><br>ക്ലാസ്സ്ടീച്ചർ | 4000 |

പ്രവർത്തനം : 5
പേര് : സ്കൂൾ ലൈബ്രറി
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി സജ്ജമാക്കൽ.<br>സ്കൂൾ ലൈബ്രേറിയനെ നിയമിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ.<br><br>പ്രാദേശിക ക്ലബ്ബ്കൾ | 5000 |

പ്രവർത്തനം : 6
പേര് : ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം : 7

പേര് : **ക്ലാസ്സ് തല പതിപ്പുകൾ**

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | വിദ്യാലയവിശേഷങ്ങൾ ക്ലാസിലെ വിവരങ്ങൾ പങ്കുവെക്കുന്ന ക്ലാസ്തല പതിപ്പുകൾ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 1500 |

പ്രവർത്തനം : 8

പേര് : **എന്റെ വായനാ കുറിപ്പുകൾ**

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

പ്രവർത്തനം : 9

പേര് : **കയ്യെഴുത്തു മാസികകൾ ,പ്രിന്റഡ് മാഗസിൻ**

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സർഗ്ഗാത്മക രചനകൾക്കുള്ള അവസരമൊരുക്കൽ | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ (ചുമർചിത്രം, കയ്യെഴുത്ത് മാഗസിൻ ഇവയിൽ നിന്ന്) | ഓരോ ടേമിലും<br>പ്രിന്റഡ് മാഗസിൻ വർഷത്തിൽ ഒന്നു | വിദ്യാരംഗം ഭാഷാക്ലബ്ബ്<br>പരസ്യം വഴി ഫണ്ടിംഗ് | 15000 |

പ്രവർത്തനം : 10

പേര് : രചനോത്സവം

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | അദ്ധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാ ക്ലബ്ബ് | 2000 |

പ്രവർത്തനം : 11

പേര് : സർഗ്ഗവേള

ഉപമേഖല : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

പ്രവർത്തനം : 12

പേര് : ആശയാവതരണ രീതിയിലൂടെ സചിത്ര പാഠങ്ങൾ രൂപീകരിയ്ക്കുക

ഉപമേഖല : ആശയഗ്രഹണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയവിനിമയ ശേഷി കൈവരിക്കൽ | പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ, ജൂലൈ | നിഷാന , ഖൈറുന്നിസ , സാലിഹ ,ആനന്ദൻ | 3000 |

പ്രവർത്തനം : 13
പേര് : **പാട്ടരങ്ങ്**
ഉപമേഖല : ***ഭാഷാ സമൃദ്ധി***

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാവപ്രകടനം, ശബ്ദപ്രയോഗം, സംഗീതാത്മകത തുടങ്ങിയ വൈവിധ്യങ്ങളിലൂടെ ഭാഷാജ്ഞാനവും ആത്മവിശ്വാസവും വളർത്തുക. | കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിപ്പിച്ച് അതിന്റെ അവതരണം ഘടിപ്പിക്കുന്നു. രാഗ-താളങ്ങളുമായി അനുബന്ധിക്കുന്ന ഭാവങ്ങൾ അവതരിപ്പിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ഭാഷാ ക്ലബ് ക്ലാസ്സ്ടീച്ചർ | 4000 |

പ്രവർത്തനം : **14**
പേര് : **നാട്ടുവിശേഷം കൂട്ടെഴുത്ത്**
ഉപമേഖല : **ലേഖനാവിഭാവനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എഴുത്തിനെപ്പറ്റിയും, സമഗ്ര ചിന്താശേഷി, ദേശീയവിവേകബോധം എന്നിവ വികസിപ്പിക്കുക. | കുട്ടികളുടെ നാട്ടുപരിചയത്തെ ആസ്പദമാക്കി കൂട്ടായി ഒരു ലേഖനം രൂപപ്പെടുത്തുന്നു. കുട്ടികൾക്ക് അനുഭവങ്ങൾ പങ്കുവെക്കാനും ആലോചനകൾ എഴുതാനും അവസരം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ. പ്രാദേശിക ക്ലബ്ബുകൾ | 5000 |

പ്രവർത്തനം : **15**
പേര് : **റീഡേഴ്സ് തിയേറ്റർ**
ഉപമേഖല : **വായനാവളർത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനാതാൽപര്യവും അഭിനയം വഴി വ്യക്തിത്വവികസനവുമാണ് പ്രധാന ലക്ഷ്യം. | കുട്ടികൾക്ക് അഭിനയത്തോടെ വായന ചെയ്യാൻ പരിശീലനം നൽകുന്നു. കഥാനായകർ, സംഭാഷണശൈലി, ശബ്ദവ്യത്യാസം എന്നിവ ഉപയോഗിച്ച് അഭിനയം വായനയുടെ അവതരണം നടത്തുന്നു. | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം : 16

പേര് : **ഭാഷോത്സവം**

ഉപമേഖല : **ഭാഷാ കാഴ്ചവത്ക്കരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയുടെ വിവിധ ആശയവിനിമയ രൂപങ്ങൾ മനസ്സിലാക്കുക, ഭാഷാനൈപുണ്യം പ്രകടിപ്പിക്കുക. | ഭാഷാ പ്രസംഗം, കഥപറയൽ, കവിതാപാരായണം, കോലജുകൾ, ഭാഷാ പോസ്റ്ററുകൾ എന്നിവയുടെ പങ്കാളിത്തത്തിലൂടെ കുട്ടികൾക്ക് ഭാഷാമികവ് പ്രകടിപ്പിക്കാൻ അവസരം . | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ഭാഷാ ക്ലബ് ക്ലാസ്സ്ടീച്ചർ | 4000 |

പ്രവർത്തനം : 17

പേര് : **അരങ്ങത്തേക്ക്**

ഉപമേഖല : **അവതരണശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും വേദികളിൽ ആശയവിനിമയമറിയിക്കാൻ സഹായിക്കുക. | കുട്ടികൾ പഠിച്ചിട്ടുള്ള സന്ദർഭങ്ങൾ, കഥകൾ, സംവാദങ്ങൾ തുടങ്ങിയവയെ ആസ്പദമാക്കി അവതരണവും പ്രകടനവുമുള്ള ഒരു ക്ലാസ് അരങ്ങ് ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ. പ്രാദേശിക ക്ലബ്ബുകൾ | 5000 |

# ഇംഗ്ലീഷ്

പ്രവർത്തനം : 1
പേര് : ഇംഗ്ലീഷ് അസംബ്ലി
ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരുദിനം കുട്ടികൾതന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് | |

പ്രവർത്തനം : 2
പേര് : ഇംഗ്ലീഷ് ഡയറി (3,4ക്ലാസ്സുകളിൽ )
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് ഇംഗ്ലീഷിലുള്ള | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലേയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 3
പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ (3,4 ക്ലാസ്സുകളിൽ )
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക. | ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കൂ<br>ജൂൺ - പരിസ്ഥിതി<br>ജൂലൈ - ചന്ദ്രൻ<br>ആഗസ്ത് - സ്വാതന്ത്ര്യദിനം<br>സെപ്തംബർ - ഓണം<br>ഒക്ടോബർ - ഗാന്ധി<br>നവംബർ - കേരളം<br>ഡിസംബർ - ക്രിസ്തുമസ്<br>ജനുവരി - ന്യൂഇയർ | ഓരോ മാസവും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 4
പേര് : Reading Card Work Shop
ഉപമേഖല : വായനാ സാമഗ്രി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | രക്ഷിതാക്കളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിംങ് കാർഡ് നിർമ്മിക്കൽ | ജൂൺ | ഇംഗ്ലീഷ് ക്ലബ്ബ് | 1000 |

പ്രവർത്തനം : 5
പേര് : Work Sheet Work Shop
ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക. | ഭിന്നനിലവാരക്കാരായ കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. അധ്യാപകരുടെ നേതൃത്വം | ജൂലൈ | എസ്. ആർ. ജി. | 4000 |

# ഗണിതം

**പ്രവർത്തനം :** 1
**പേര്** : ഗണിത വർക്ക് ഷീറ്റ് ശില്പ ശാല
**ഉപമേഖല** : വർക്ക്ഷീറ്റ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളേയും അർഹരാക്കുക | എല്ലാ ക്ലാസ്സ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റെയും തുടക്കത്തിൽ | SSG | 4000 |

**പ്രവർത്തനം :** 2
**പേര്** : ഗണിതലാബ് (ഗണിതമധുരം)
**ഉപമേഖല** : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക. | കുട്ടികൾക്ക് സ്വതന്ത്രരായി ഇടപഴകാൻ സഹായകമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ | 2023-24 | സ്കൂൾ മാനേജ്മെന്റ് | 15000 |

**പ്രവർത്തനം :** 3
**പേര്** : ഗണിതമൂല
**ഉപമേഖല** : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ക്രമീകരിക്കൽ. (മഞ്ചാടി, കളിനോട്ട് കാർഡുകൾ തുടങ്ങിയവ) | ജൂൺ | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം : 4
പേര് : യൂണിറ്റ് വിലയിരുത്തൽ
ഉപമേഖല : യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി. പരിഹാര ബോധനം ഉറപ്പുവരുത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 5
പേര് : ഗണിതക്ലാസ് പി. ടി. എ.
ഉപമേഖല : സി. പി. ടി. എ ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷി നേടി എന്നുറപ്പാക്കൽ | ഓരോ ക്ലാസിലും ഗണിതപാഠങ്ങളിലെ H.W. പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്തു നൽകുന്നു. പിന്തുണാ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു. | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 6
പേര് : ഗണിതം മധുരം
ഉപമേഖല : ഗണിത കേളി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്യൽ. ക്യാമ്പുകൾ, ശില്പശാലകൾ | ജൂൺ മുതൽ ആഗസ്ത് വരെ | ക്ലാസ്സ് ടീച്ചർ | |

# പരിസര പഠനം

പ്രവർത്തനം : 1

പേര് : ശാസ്ത്ര പഠനോപകരണ ശില്പ ശാല

ഉപമേഖല : ലാബ് ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങുംവിധം ശില്പശാലകൾ, ഷോപ്പുകൾ സംഘടിപ്പിക്കൽ | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | 4000 |

പ്രവർത്തനം : 2

പേര് : എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ) നാലാം ക്ലാസ്സ്

ഉപമേഖല : ശാസ്ത്ര അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠന താത്പര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണകുറിപ്പ് തയ്യാറാക്കൽ | എല്ലാമാസത്തിലും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 3

പേര് : പരീക്ഷണകിറ്റ്

ഉപമേഖല : നിരീക്ഷണ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപ്രക്രിയാശേഷികളുടെ വളർച്ചക്കിണങ്ങുംവിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക | മുഴുവൻ കുട്ടികൾക്കും ( 3,4 ക്ലാസ്) ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങുംവിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണകിറ്റ് തയ്യാറാക്കൽ | മാർച്ച് ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

പ്രവർത്തനം : 4
പേര് : **പരീക്ഷണോത്സവം**
ഉപമേഖല : **ശാസ്ത്രാന്വേഷണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രവിഷയങ്ങളിലേക്കുള്ള താത്പര്യവും മനഃശാസ്ത്രപരമായ ഉത്സാഹവും വളർത്തുക. | ക്ലാസ്സ് മുറികളിൽ ശാസ്ത്രപ്രയോഗങ്ങൾ കാണിച്ച് അർത്ഥമാക്കുന്നതും കുട്ടികൾക്ക് അതിൽ പങ്കാളികളാകുന്നതുമാണ് പരീക്ഷണോത്സവത്തിലൂടെ ലക്ഷ്യം. | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ ശാസ്ത്ര ക്ലബ് | 2000 |

**രസാലഹരി, മൊബൈൽ അഡിക്ഷൻ**

പ്രവർത്തനം : 1
പേര് : **ലഹരി :- രാസ ലഹരി, മൊബൈൽ അഡിക്ഷൻ**
ഉപമേഖല : **ശാരീരിക, മാനസിക ആരോഗ്യ ബോധവൽക്കരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ മോശം ആസക്തികളെ കുറിച്ചുള്ള ബോധവും പ്രതിരോധശേഷിയും വളർത്തുക. | ബോധവൽക്കരണ ക്ലാസുകൾ, വീഡിയോകളിലൂടെ പ്രഭാഷണം, ഉപദേശകസംവാദങ്ങൾ, പോസ്റ്റർ നിർമ്മാണം, കടപ്പാട് പ്രകടനങ്ങൾ എന്നിവയുടെ വഴി വഴി കുട്ടികളിൽ ബോധം വളർത്തുന്നു. | അധ്യായന തുടക്കത്തിൽ | ആരോഗ്യ വകുപ്പ്, പോലീസ് SITC | |
| | | | | |

# സാമൂഹികാവബോധം

പ്രവർത്തനം : 1
പേര് : അതിഥിയെ അറിയൽ
ഉപമേഖല : സാമൂഹ്യ അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചർച്ചകൾ സംവാദങ്ങൾ അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ. ചർച്ചകൾ, സംവാദങ്ങൾ , ക്ലാസ് തലത്തിൽ സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം : 2
പേര് : പ്രാദേശിക അറിവ്
ഉപമേഖല : നാട്ടറിവ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ നാടിന്റെ ചരിത്രം മനസിലാക്കുന്നതിന് സാംസ്കാരികമായ അതിന്റെ തനിമ നിലനിർത്തുന്നതിന് | നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശിൽപശാലകൾ നടത്തുകയും ചെയ്യുക. | നവംബർ | SSG | |

പ്രവർത്തനം : 3
പേര് : ഫീൽഡ് ട്രിപ്പ്
ഉപമേഖല : പൊതു സ്ഥാപനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ്, പഞ്ചായത്ത്, വില്ലേജ്, ആശുപത്രി മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ. | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ | 2000 |

# പ്രവൃത്തി പരിചയം

**പ്രവർത്തനം : 1**
**പേര് : പ്രവൃത്തി പരിചയശില്പശാല**
**ഉപമേഖല : നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1 നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ. നിർമ്മാണം ചന്ദനത്തിരി, പാവ, ചോക്ക് etc. | സെപ്തംബർ | ക്ലാസ്സ് ടീച്ചർ | 2000 |

**പ്രവർത്തനം : 2**
**പേര് : പേപ്പർ ബാഗ് നിർമാണം**
**ഉപമേഖല : പ്ലാസ്റ്റിക് രഹിത ക്യാമ്പസ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2. നിർമ്മാണാത്മക കഴിവുകൾ എല്ലാകുട്ടികളിലും വികസിപ്പിക്കുക. | പേപ്പർ ബാഗ് നിർമാണംപരിശീലനം വിദ്യാലയത്തിൽ ആരംഭിക്കുക. | ജൂൺ - മാർച്ച് | SSG | |

**പ്രവർത്തനം : 3**
**പേര് : ഒറിഗാമി**
**ഉപമേഖല : കരകൗശല പരിശീലനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇതര വിഷയവുമായി പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക. | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ. പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ലഭ്യമാക്കൽ | ജൂലൈ | റിസോഴ്സ് പേഴ്സൺ | 2,000 |

# സർഗ വേദി

പ്രവർത്തനം : 1
പേര് : സർഗവേദി
ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക. കുട്ടികളുടെ സർഗാത്മക കഴിവുകൾ | ആഴ്ചയിൽ ഒരുദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തൽ നേതൃത്വം: വിദ്യാർത്ഥികൾ | എല്ലാ ആഴ്ചയിലും | CT SRG | |

പ്രവർത്തനം : 2
പേര് : ടാലെന്റ് ലാബുകൾ
ഉപമേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ളപരിശീലന പരിപാടികൾ ഒരുക്കുക | നൃത്തം ,ആലാപനം ,ചിത്ര രചന , ക്രാഫ്റ്റ് വർക്ക് , പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം. | എല്ലാ മാസത്തിലും | SRG PTA | 3000 |

പ്രവർത്തനം : 3
പേര് : പ്രകടന വേദികൾ
ഉപമേഖല : സോഷ്യൽ മീഡിയ പ്രകടനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക. | കുട്ടികളുടെ മികവുകൾ സ്കൂൾ യൂട്യൂബ് ചാനൽ വഴി സമൂഹവുമായി പങ്കു വെക്കൽ | ജൂൺ - മാർച്ച് | SRG CT | |

# ആരോഗ്യ – കായിക –വിദ്യാഭ്യാസം

**പ്രവർത്തനം :** 1
**പേര്** : കായികാരോഗ്യം
**ഉപമേഖല** : എയറോബിക്സ് എക്സെർസൈസ്സ് ,ഫുട്ബോൾ കോച്ചിങ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി, അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക. | ഫുട്ബോൾ കോച്ചിങ് ക്യാമ്പ് , സ്കിപ്പിംഗ് പരിശീലനം , ബാറ്റ്മിന്റൺ ,അത്ലറ്റിക് പരിശീലനം | ജൂൺ - മാർച്ച് | HM<br>SRG<br>PTA | 10,000 |

**പ്രവർത്തനം :** 2
**പേര്** : ഹെൽത്ത് ചെക്ക് അപ്പ്
**ഉപമേഖല** : ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുക | എല്ലാ കുട്ടികൾക്കും ആരോഗ്യ ക്ഷമത ഉറപ്പു വരുത്താനായി ആദ്യ ടെർമിൽ ഹെൽത്ത് ചെക്ക് അപ്പ് | ജൂൺ - സെപ്തംബർ | PTA | 3,000 |

**പ്രവർത്തനം :** 3
**പേര്** : കായിക വിദ്യാഭ്യാസം – അധ്യാപക ശിൽപശാല
**ഉപമേഖല** : അധ്യാപക ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | PT പീര്യേഡിൽ ഫിസിക്കൽ എക്സൈസ്, ഗെയിംസ്, എന്നി നൽകുന്നതിന് ക്ലാസ് ടീച്ചർക്ക് പരിശീലനം നൽകൽ | ജൂൺ - മാർച്ച് | SRG | 1,000 |

# വിവര സാങ്കേതിക വിദ്യ

പ്രവർത്തനം : 1
പേര് : വിവര സാങ്കേതിക വിദ്യയിൽ പരിശീലനം
ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട I.C.T. സാധ്യതകൾ ശേഖരിക്കൽ. പരിചയപ്പെടുത്തൽ. ( സമഗ്ര പ്രവർത്തനങ്ങളിൽ പങ്കാളികളാകൽ) | ഓരോ മാസത്തിലും | SITC | |

പ്രവർത്തനം : 2
പേര് : I T ലാബ്
ഉപമേഖല : കമ്പ്യൂട്ടർ വിജ്ഞാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | IT ,ICT പ്രവർത്തനങ്ങൾ/ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ - ആഗസ്റ്റ് | SITC | |

<u>ലക്ഷ്യപ്രസ്താവന നടത്തിയാൽ അവ നേടിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിശദമാക്കണം.</u>

(ഉദാഹരണമായി ഏതാനും പ്രവർത്തനങ്ങൾ ഇവിടെ ചേർക്കുന്നു. ഇത് ഒരു മാതൃക എന്നരീതിയിൽ അവതരിപ്പിക്കുന്നതാണ്. ഓരോ സ്കൂളും ഇതിൽ കൊടുത്ത പ്രവർത്തനങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതില്ല. അവരവരുടെ സാധ്യതയ്ക്കനുസരിച്ച് ഓരോ പ്രവർത്തനങ്ങളും വിപുലപ്പെടുത്തുകയോ കൂടുതൽ പ്രവർത്തനങ്ങൾ കൂട്ടിച്ചേർക്കുകയോ ആകാം.

പ്രവർത്തനങ്ങൾ (ഉദാഹരണം)

ഓരോ ലക്ഷ്യവും നേടുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ, താഴെ പറയുന്ന ഘടനയിൽ വ്യക്തമാക്കണം. ഓരോ പ്രവർത്തനത്തിനും ആസൂത്രണം ചെയ്യുമ്പോൾ, 'എങ്ങനെ നടപ്പിലാക്കണം', 'ആരാണ് ഉത്തരവാദി', 'എപ്പോഴാണ് നടപ്പിലാക്കേണ്ടത് (സമയപരിധി)', 'വിജയം എങ്ങനെ അളക്കാം' (മോണിറ്ററിംഗ് സൂചകങ്ങൾ) എന്നീകാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം.

- അർത്ഥപൂർണ്ണമായ വായന (ആശയഗ്രഹണ വായന) ഉറപ്പാക്കുക:

1. പത്രവായനയും വിശകലനവും: പ്രതിദിനം ക്ലാസുകളിൽ ഗ്രൂപ്പായി പത്രവായന നടത്തുക, വാർത്തകളോടുള്ള പ്രതികരണങ്ങൾ ചർച്ചചെയ്യുക, ഉച്ചാരണ ശുദ്ധിയോടെ വായിക്കാൻ അവസരമൊരുക്കുക.
2. ആഴ്ചപ്പതിപ്പുകൾ/മാസികകൾ വായനയും വിശകലനവും: ക്ലാസ് ലൈബ്രറിയിലെയും സ്കൂൾ ലൈബ്രറിയിലെയും ആഴ്ചപ്പതിപ്പുകളും മാസികകളും വായിക്കാൻ പ്രോത്സാഹിപ്പിക്കുക.
3. ലൈബ്രറി പുസ്തകങ്ങൾ വായിക്കൽ: ആഴ്ചയിലൊരു പുസ്തകം വായിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക. പുസ്തകക്കുറിപ്പ് തയ്യാറാക്കൽ, പുസ്തകത്തിലെ ആശയങ്ങളെ ആധാരമാക്കി ആവിഷ്കാരങ്ങൾ, ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പുസ്തകങ്ങളുടെ വായന, ചർച്ച തുടങ്ങിയ അനുബന്ധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
4. വായനാക്കൂട്ടം: പുസ്തകങ്ങൾ തിരഞ്ഞെടുത്ത് ഓരോ കുട്ടിയും വായിച്ച് കുറിപ്പെഴുതി മറ്റുള്ളവരെ കേൾപ്പിക്കുക.
5. വായനാവാരാചരണം, പുസ്തക പ്രദർശനങ്ങൾ സംഘടിപ്പിക്കുക.

- ആശയവിനിമയശേഷി വികസിപ്പിക്കുക:

1. പൗരപ്രമുഖരുമായുള്ള സംവാദം: സംവാദത്തിനായുള്ള തയ്യാറെടുപ്പ് നടത്തുക, പൗരപ്രമുഖരെ സ്കൂളിലേക്ക് ക്ഷണിക്കുക. സംവാദത്തിനു ശേഷം അത് സംബന്ധിച്ച കുറിപ്പ് തയ്യാറാക്കുക.
2. സംവാദ സദസ്സുകൾ: വിവിധ വിഷയങ്ങളിൽ സംവാദ സദസ്സുകൾ സംഘടിപ്പിക്കുക.

ഭാഷാവികാസം

1. വിഷയം-മാതൃഭാഷ

ലക്ഷ്യങ്ങൾ

1) എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുകയും എഴുതുകയും ചെയ്യുന്നുവെന്നു ഉറപ്പാക്കുക.

2) എല്ലാ കുട്ടികളും ഓരോ പ്രായഘട്ടത്തിനും അനുയോജ്യമാംവിധം മികച്ച നിലയിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി നേടി എന്നുറപ്പാക്കുക.

3) കുട്ടികളുടെ സാഹിത്യ അഭിരുചി വളർത്തുക.

4) സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.

5) ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവുനേടുക.

6) ഭാഷാശേഷിവികാസത്തിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.

ഇതുപോലെ കൂടുതൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ താൽപര്യമുണ്ടെങ്കിൽ അത് ലക്ഷ്യങ്ങളുടെ കൂടെ കൂട്ടിച്ചേർക്കാവുന്നതാണ്.

3. പ്രസംഗ മത്സരങ്ങൾ, ഉപന്യാസ രചനാമത്സരങ്ങൾ നടത്തുക.
4. കുട്ടികളുടെ ആകാശവാണി: വിശേഷദിനങ്ങൾ, ദിനാചരണങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പ്രത്യേകപരിപാടികൾ, നാട്ടുവാർത്തകൾ, രാജ്യവാർത്തകൾ, ലോകവാർത്തകൾ, കൗതുകവാർത്തകൾ, കായികവാർത്തകൾ, വിജ്ഞാനവീഥി, പ്രഭാഷണങ്ങൾ, അറിയിപ്പുകൾ, സർഗ്ഗപരിപാടികൾ, കാവ്യാലാപനം എന്നിവ അവതരിപ്പിക്കാൻ അവസരം നൽകുക.
5. മലയാളത്തിളക്കം പോലുള്ള നിലവിലെ പദ്ധതികൾ മെച്ചപ്പെടുത്തുക.

- **സാഹിത്യ അഭിരുചിവളർത്തുകയും സർഗ്ഗാത്മക രചനയ്ക്ക് അവസരം സൃഷ്ടിക്കുകയുംചെയ്യുക**

1. പതിപ്പുകൾ തയ്യാറാക്കൽ: കുട്ടികളുടെ പതിപ്പുകൾ, ക്ലാസ് പതിപ്പുകൾ എന്നിവ തയ്യാറാക്കുകയും അവയുടെ എഡിറ്റിംഗ് പരിശീലനം നൽകുകയും ചെയ്യുക.
2. കവിതാസ്വാദനം, കഥപറച്ചിൽ, കഥാകഥനം തുടങ്ങിയവ ലക്ഷ്യം വെച്ചുകൊണ്ടുള്ള ക്യാമ്പുകൾ ആസൂത്രണം ചെയ്യുക.
3. സർഗ്ഗാത്മക നാടകപ്രവർത്തനങ്ങൾ: പാഠഭാഗങ്ങളുടെ ദൃശ്യാവിഷ്കാരം, നാടകാവിഷ്കാരം, കവിതാലാപനം, കഥാരൂപത്തിലുള്ള ആവിഷ്കാരം എന്നിവയ്ക്ക് അവസരം നൽകുക. (തെളിവാനം വരക്കുന്നവർ)എന്ന പുസ്തകം പ്രയോജനപ്പെടുത്തി സർഗ്ഗരചനക്ക് അവസരം നൽകിയാൽ ലഹരിക്കെതിരായ മനോഭാവം വളർത്താൻ കഴിയും.
4. വിദഗ്ധരെ പങ്കെടുപ്പിച്ചുള്ള ശില്പശാലകൾ സംഘടിപ്പിക്കുക.
5. കുട്ടികളുടെ രംഗവേദികൾ: കുട്ടികളിൽ സാമൂഹികമൂല്യങ്ങളും പൗരബോധവും വികസിപ്പിക്കാനുള്ള അവസരമായി ഇതിനെ പ്രയോജനപ്പെടുത്തുക. ഉദാഹരണത്തിന്, 'തെളിവാനം വരയ്ക്കുന്നവർ' എന്ന പുസ്തകം പ്രയോജനപ്പെടുത്തി ലഹരിക്കെതിരായ നിലപാടെടുക്കുന്നതിലേക്ക് കുട്ടികളുടെ ചിന്തയെ വളർത്തിയെടുക്കാനുള്ള സാധ്യതകൾ ഉപയോഗിക്കുക.
6. ബാലസഭ/Sargavela ശക്തിപ്പെടുത്തുക.

- **ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക**

1.മലയാളം കമ്പ്യൂട്ടിംഗ്: മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടിംഗ് പരിശീലിപ്പിക്കുക.

2.മലയാളത്തിലെ സാഹിത്യകാരന്മാരുടെ ജന്മദിനം അവരുടെ സംഭാവനകൾ ഉൾക്കൊള്ളുന്ന പോസ്റ്ററുകളിലൂടെ ഓർമ്മപ്പെടുത്താൻ പ്രയോജനപ്പെടുത്തുക.

3. കുട്ടികളുടെ ചലച്ചിത്രങ്ങൾ-ആസ്വാദനം സംഘടിപ്പിക്കുക

II വിഷയം-ഇംഗ്ലീഷ്

ലക്ഷ്യങ്ങൾ

1.ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക

2.ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് (നാടകീകരണം, കവിതാലാപനം, സംവാദം......) അവസരമൊരുക്കുക.

3.സ്വതന്ത്രവായനയ്ക്കും എഴുത്തിനും സജ്ജരാക്കുക.

4.ഇംഗ്ലീഷ് സാഹിത്യം ആസ്വദിക്കുന്നതിനും സർഗ്ഗാത്മക രചനകൾ നടത്തുന്നതിനും ശേഷി വളർത്തുക.

5.സാങ്കേതികവിദ്യാ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികാസത്തിന് പ്രയോജനപ്പെടുത്തുക.

പ്രവർത്തനങ്ങൾ (ഉദാഹരണം)

- **ആത്മവിശ്വാസത്തോടെ ഇംഗ്ലീഷിൽ ആശയവിനിമയം നടത്താൻ അവസരമൊരുക്കുക:**

1. ഇംഗ്ലീഷ് സംസാരിക്കാൻ അവസരങ്ങൾ നൽകുക (ദൈനംദിന ക്ലാസ്റൂം സംഭാഷണങ്ങൾ, ഗ്രൂപ്പ് ചർച്ചകൾ).
2. ഇംഗ്ലീഷ് തിയേറ്റർ, റോൾ പ്ലേ, സ്കിറ്റുകൾ എന്നിവ സംഘടിപ്പിക്കുക. (കുട്ടികളുടെ മനോഭാവ വികാസത്തിനുള്ള പ്രവർത്തനങ്ങളുമാകാം. 'തെളിവാനം വരയ്ക്കുന്നവർ' എന്ന പുസ്തകം പ്രയോജനപ്പെടുത്തി ഇംഗ്ലീഷ് നാടക സ്കിറ്റുകളുണ്ടാക്കാനും അഭിനയിക്കുവാനുമുള്ള അവസരം ഒരുക്കാം. ഭാഷാവികാസത്തോടൊപ്പം ലഹരിക്കെതിരായ മനോഭാവം ഉളവാകുകയും ചെയ്യും.)
3. ഇംഗ്ലീഷ് സംവാദങ്ങൾക്കും പ്രസംഗങ്ങൾക്കും അവസരം നൽകുക.
4. ഇംഗ്ലീഷ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.

- **ഇംഗ്ലീഷ് വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുക:**

1. ഇംഗ്ലീഷ് പുസ്തകങ്ങൾ, മാസികകൾ, പത്രങ്ങൾ എന്നിവ വായിക്കാൻ പ്രോത്സാഹിപ്പിക്കുക.
2. ഇംഗ്ലീഷിൽ സർഗ്ഗാത്മക രചനകൾ (കഥ, കവിത, ലേഖനം) നടത്താൻ പ്രോത്സാഹിപ്പിക്കുക.
3. ഇംഗ്ലീഷ് പത്രം, മാഗസിനുകൾ എന്നിവ കുട്ടികളെക്കൊണ്ട് തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
4. ചിത്രവായനയ്ക്കുള്ള അവസരങ്ങൾ ഒരുക്കുക.

- **ഇംഗ്ലീഷ് സാഹിത്യ ആസ്വാദനം വളർത്തുക:**

1. ഇംഗ്ലീഷ് സിനിമകൾ കാണാനുള്ള അവസരം ഒരുക്കുക.
2. ഇംഗ്ലീഷ് ഫെസ്റ്റ്, ഇംഗ്ലീഷ് ഡേ തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുക.
3. വിദഗ്ധരെ പങ്കെടുപ്പിച്ചുള്ള ഇംഗ്ലീഷ് സാഹിത്യ ശില്പശാലകൾ നടത്തുക.

- സാങ്കേതികവിദ്യയുടെ ഉപയോഗം:

1. ഇംഗ്ലീഷ് ഭാഷാവികാസത്തിനായി സാങ്കേതികവിദ്യാ സാധ്യതകൾ (ഓൺലൈൻ പഠന ആപ്ലിക്കേഷനുകൾ, ഓഡിയോ-വീഡിയോ ഉറവിടങ്ങൾ) പ്രയോജനപ്പെടുത്തുക.
2. ഇംഗ്ലീഷ് ബ്ലോഗ് തയ്യാറാക്കാനും പരിപാലിക്കാനും കുട്ടികളെ പ്രാപ്തരാക്കുക

## III. വിഷയം-ഹിന്ദി

### ലക്ഷ്യങ്ങൾ

1. ഹിന്ദിയിൽ ആശയവിനിമയത്തിനുള്ള ശേഷി വികസിപ്പിക്കുക
2. ഹിന്ദിയിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക
3. സ്വതന്ത്രവായനയ്ക്ക് കുട്ടികളെ സജ്ജരാക്കുക
4. ഹിന്ദിസാഹിത്യം ആസ്വദിക്കുന്നത് അവസരമൊരുക്കുക.
5. ഹിന്ദിപഠനത്തിനുള്ള പുതുതന്ത്രങ്ങളും സങ്കേതങ്ങളും വികസിപ്പിക്കുക.
6. സാങ്കേതികവിദ്യാ സാധ്യതകൾ ഹിന്ദി ഭാഷാവികാസത്തിന് പ്രയോജനപ്പെടുത്തുകയും മുഴുവൻ കുട്ടികളെയും ഹിന്ദി കംപ്യൂട്ടിങ് പരിശീലിപ്പിക്കുകയും ചെയ്യുക.

മേൽ കൊടുത്ത ലക്ഷ്യങ്ങൾ നിറവേറ്റാൻ വേണ്ടുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം.

### പ്രവർത്തനങ്ങൾ (ഉദാഹരണം)

- **ആത്മവിശ്വാസത്തോടെ ഹിന്ദിയിൽ ആശയവിനിമയം നടത്താൻ അവസരമൊരുക്കുക:**

ഹിന്ദി സംസാരിക്കാൻ അവസരങ്ങൾ നൽകുക (ദൈനംദിന ക്ലാസ്റൂം സംഭാഷണങ്ങൾ, ഗ്രൂപ്പ്ചർച്ചകൾ).

1. ഹിന്ദിതിയേറ്റർ, റോൾ പ്ലേ, സ്കിറ്റുകൾ എന്നിവ സംഘടിപ്പിക്കുക.
2. ഹിന്ദി സംവാദങ്ങൾക്കും പ്രസംഗങ്ങൾക്കും അവസരംനൽകുക.
3. ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക

- ഹിന്ദിവായനയും എഴുത്തും പ്രോത്സാഹിപ്പിക്കുക:

1. ഹിന്ദി പുസ്തകങ്ങൾ, മാസികകൾ, പത്രങ്ങൾ എന്നിവവായിക്കാൻ പ്രോത്സാഹിപ്പിക്കുക.
2. ഹിന്ദിയിൽ സർഗ്ഗാത്മക രചനകൾ (കഥ, കവിത, ലേഖനം) നടത്താൻ പ്രോത്സാഹിപ്പിക്കുക.
3. ഹിന്ദിപത്രം, മാഗസിനുകൾ എന്നിവ കുട്ടികളെക്കൊണ്ട് തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ

ആസൂത്രണം ചെയ്യുക.

4. ചിത്രവായനയ്ക്കുള്ള അവസരങ്ങൾ ഒരുക്കുക.

- ഹിന്ദി സാഹിത്യ ആസ്വാദനം വളർത്തുക:

1. ഹിന്ദി സിനിമകൾ കാണാനുള്ള അവസരംഒരുക്കുക.
2. ഹിന്ദിഫെസ്റ്റ്, ഹിന്ദി ദിൻ തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുക.
3. വിദഗ്ധരെ പങ്കെടുപ്പിച്ചുള്ള ഹിന്ദി സാഹിത്യശില്പശാലകൾ നടത്തുക.

- സാങ്കേതികവിദ്യയുടെ ഉപയോഗം:

1. ഹിന്ദി ഭാഷാവികാസത്തിനായി സാങ്കേതികവിദ്യാസാധ്യതകൾ (ഓൺലൈൻ പഠന ആപ്ലിക്കേഷനുകൾ, ഓഡിയോ-വീഡിയോ ഉറവിടങ്ങൾ) പ്രയോജനപ്പെടുത്തുക.
2. ഹിന്ദി ബ്ലോഗ് തയ്യാറാക്കാനും പരിപാലിക്കാനും കുട്ടികളെ പ്രാപ്തരാക്കുക.

ഇങ്ങനെ സൂക്ഷ്മതലത്തിൽ ആസൂത്രണം ചെയ്ത പ്രവർത്തനങ്ങൾ പ്രവർത്തന കലണ്ടറിലേക്ക് ഉൾപ്പെടുത്തണം.

ഭാഷാ വിഷയങ്ങൾക്ക് പൊതുവായ പ്രവർത്തനങ്ങളാകാം. ആത്മവിശ്വാസത്തോടെ ആശയവിനിമയത്തിനും ഒരോ സന്ദർഭത്തിലും വേണ്ട തലത്തിൽ പ്രയോഗിക്കാനും കുട്ടികളെ പ്രാപ്തരാക്കേണ്ടതുണ്ട്. അസംബ്ലി, ആകാശവാണി, വ്യത്യസ്തങ്ങളായ രചനാക്യാമ്പുകൾ, കുട്ടികളുടെ മാസികകൾ, പത്രങ്ങൾ, പതിപ്പുകൾ, സംവാദ സദസുകൾ, രംഗവേദികൾ, തുടങ്ങിയവയെല്ലാം എല്ലാ ഭാഷകളേയും ഉൾക്കൊള്ളുന്നത് ഉചിതമാകും.

**മേൽ പറഞ്ഞ ഭാഷകളല്ലാതെ മറ്റ് ഭാഷകൾക്കും (അറബി, ഉറുദു, സംസ്കൃതം തുടങ്ങിയവ) ഇതിൽ സൂചിപ്പിച്ച സമാന പ്രവർത്തനങ്ങളും പ്രവർത്തനതന്ത്രങ്ങളും ആകാവുന്നതാണ്.**

**IV. വിഷയം-ശാസ്ത്രം**

**ലക്ഷ്യങ്ങൾ**

1. ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയമനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവങ്ങൾ ഒരുക്കുക.
3. ശാസ്ത്രപ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
4. ഇതിന് ഉതകും വിധം ആധുനിക സൗകര്യങ്ങളോടെയുള്ള ലാബ് സജ്ജമാക്കുക.
5. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുക.

6. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

പ്രവർത്തനങ്ങൾ (ഉദാഹരണം)

- ഭൗതികശാസ്ത്രം, ജീവശാസ്ത്രം, രസതന്ത്രം എന്നിവയിൽ ഓരോഘട്ടത്തിലും നിർദ്ദേശിക്കപ്പെട്ട പഠനാശയങ്ങളും കരിക്കുലം വിഭാവനം ചെയ്ത ലക്ഷ്യങ്ങളും കുട്ടി നേടുന്നു എന്ന് ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളാണ് തയ്യാറാക്കേണ്ടത്.
- സയൻസ് ക്ലബ് പ്രവർത്തനങ്ങൾ, ശാസ്ത്രപ്രദർശനങ്ങൾ, സയൻസ് കോർണർ, ശാസ്ത്രജേർണലുകൾ പരിചയപ്പെടൽ, ശാസ്ത്രലാബ്, ലഘുപരീക്ഷണശാല, ശാസ്ത്രോപകരണനിർമ്മാണം, ശാസ്ത്രമാഗസിൻ, ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ.
- പ്രകൃതിപഠനയാത്രകൾ.
- ശാസ്ത്രജ്ഞന്മാരുടെ ജന്മദിനം അവരുടെ സംഭാവനകൾ രേഖപ്പെടുത്തിക്കൊണ്ട് ആചരിക്കൽ.
- കുടിവെള്ളസംരക്ഷണ പ്രവർത്തനങ്ങൾ, കുടിവെള്ളപരിശോധന, ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നത് കണ്ടെത്തൽ.
- വിവിധതരം കമ്പോസ്റ്റിങ് സാധ്യതകൾ പരീക്ഷിക്കൽ, ജൈവവൈവിധ്യ ഉദ്യാനത്തെ പ്രയോജനപ്പെടുത്തൽ.
- പ്ലാസ്റ്റിക് ഉപയോഗം നിരുത്സാഹപ്പെടുത്തൽ.
- ആരോഗ്യവിദ്യാഭ്യാസത്തിനുള്ള വിവിധ പ്രവർത്തനങ്ങൾ ശുചിത്വക്യാമ്പസിനായുള്ള വിദ്യാർഥികളുടെ നിയമാവലി തയ്യാറാക്കൽ, അതിനെ പ്രയോജനപ്പെടുത്തൽ.
- ലഹരിവിരുദ്ധ വിദ്യാലയ പ്രവർത്തനങ്ങൾ, ലഹരിയുടെ വിനിയോഗം ശാരീരികമായും മാനസികമായും ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ.
- കൂടാതെ വ്യക്തികളുടെയും സമൂഹത്തിന്റെയും വികാസത്തിനും മുന്നോട്ടു പോക്കിനും എങ്ങിനെ തടസ്സം നില്ക്കുന്നു എന്ന തിരിച്ചറിവ് ഉണ്ടാക്കൽ തുടങ്ങി എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്താം.

V. വിഷയം-സാമൂഹ്യശാസ്ത്രം

<u>ലക്ഷ്യങ്ങൾ</u>

1. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
2. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.

3. സമൂഹചലനത്തിന്റെ പൊതുസ്വഭാവം വിശകലനം ചെയ്യാനും അതിനായുള്ള രീതിശാസ്ത്രം സ്വായത്തമാകാനും സഹായിക്കുക.
4. ജനാധിപത്യജീവിതസംസ്കാരം വളർത്തിയെടുക്കുക.
5. ആധുനിക ശാസ്ത്രസാങ്കേതികവിദ്യാ സാധ്യതകൾ സാമൂഹ്യശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

മേൽ ലക്ഷ്യങ്ങൾ സാധിതമാകുന്നതിനുള്ള പ്രവർത്തനപദ്ധതികളാണ് ഒരുക്കേണ്ടത്. ഇങ്ങനെ ഒരുക്കുമ്പോൾ ഓരോ പ്രായഘട്ടത്തിനും അനുഗുണമായി കരിക്കുലം മുന്നോട്ട് വച്ച പഠനവസ്തുതകൾ കുട്ടികൾ സ്വായത്തമാക്കാൻ സഹായകമായ പ്രവർത്തനങ്ങൾക്കാണ് രൂപം നൽകേണ്ടത്.

പ്രവർത്തനങ്ങൾ (ഉദാഹരണം)

- സ്കൂൾ ജനാധിപത്യവേദി ശക്തിപ്പെടുത്തൽ. ഇതിലേക്കുള്ള തിരഞ്ഞെടുപ്പ് പ്രക്രിയ നാട്ടിൽ നടക്കുന്ന തിരഞ്ഞെടുപ്പ് പ്രക്രിയ പരിചയപ്പെടാനുള്ള അവസരമാക്കി മാറ്റൽ.
- ലഹരിവിരുദ്ധപ്രവർത്തനം.
- വ്യത്യസ്ത ദിനാചരണങ്ങൾ.
- സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വിദഗ്ധരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള ചർച്ചകൾ, അഭിമുഖം.
- പ്രാദേശികചരിത്രരചന, ചരിത്രവസ്തുതകൾ രേഖപ്പെടുത്താൻ പരിശീലിക്കൽ, ചരിത്രാന്വേഷണയാത്രകൾ.
- പഠനയാത്രകൾ, ജനപ്രതിനിധികളുമായുള്ള സംഭാഷണം.
- പത്രവാർത്തകൾ അടിസ്ഥാനപ്പെടുത്തിയുള്ള ചർച്ചകൾ.
- അസമത്വം - ലിംഗപദവി - സാമൂഹികനീതി - അധിനിവേശം - ബാലവേല, പട്ടിണി – ചൂഷണം ഉടങ്ങിയ സാമൂഹികപ്രശ്നങ്ങളെകുറിച്ച് അറിയാനും നിലപാടുകൾ കൈക്കൊള്ളാനുള്ള കഴിവ് ആർജ്ജിക്കൽ.
- ബോധവല്ക്കരണപ്രവർത്തനങ്ങൾ. സാമൂഹ്യശാസ്ത്രകളുമായി ബന്ധപ്പെട്ട മാസികകൾ തയ്യാറാക്കൽ.
- ഇതിനെല്ലാം ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ.
- സ്കൂൾ മ്യൂസിയം.
- പ്രാദേശികഭൂപടം തയ്യാറാക്കൽ.
- പഠനോപാധികളുടെ നിർമ്മാണം,

- കൂടുതൽ സ്ഥാപനങ്ങൾ ഇതിൽ ഭാഗമാ സാധ്യതകൾ സമൂഹ്യമാധ്യമമായി ബന്ധപ്പെടുത്തണം

ഓരോ സ്ഥാപനവുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ അവരുടെ സ്ഥാപനത്തിന്റെ സാധ്യതകൾ പരിഗണിച്ചുകൊണ്ട് തീരുമാനിക്കേണ്ടതാണ്. എന്നാൽ തീരുമാനിക്കുന്ന പ്രവർത്തനങ്ങൾ സമയബന്ധിതമായി ചിട്ടപ്പെടുത്തണം.

VI. വിഷയം-ഗണിതം

ലക്ഷ്യങ്ങൾ

1. അടിസ്ഥാനഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3. ഓരോ പ്രദേശത്തിന്റെയും തനത് ഗണിതരീതികളെ പരിചയപ്പെടുത്തുക.
4. ഓരോ പ്രായഘട്ടത്തിലും കൈവരിക്കേണ്ട വികാസം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
5. ആധുനിക ശാസ്ത്രസാങ്കേതികവിദ്യാ സാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുക.
6. ശിക്ഷാസാംഖ്യാ ഗണിതശാസ്ത്ര പഠനത്തിനായി ആവിഷ്കരിച്ച 'മഞ്ചാടി പദ്ധതി' നടപ്പാക്കാൻ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ അക്കാര്യവും ലക്ഷ്യത്തിന്റെ ഭാഗമായി ഉൾപ്പെടുത്തണം.

ഗണിതവുമായി ബന്ധപ്പെട്ട ശേഷികൾ നേടാൻ സഹായകമായ എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തണം.

**പ്രവർത്തനങ്ങൾ (ഉദാഹരണം)**

- ഗണിതക്ലബ് അവയുടെ നേതൃത്വത്തിൽ നടത്തുന്ന വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ.
- പ്രോജക്ടുകൾ, സെമിനാറുകൾ.
- ദിനാചരണങ്ങൾ.
- ഐസിടി സാധ്യതകൾ ഉപയോഗിക്കൽ.
- ഗണിതമാഗസിൻ, ഒറിഗാമി, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾക്ക് ധാരാളം സാധ്യതകളുണ്ട്. പ്രവർത്തനങ്ങളുടെ വിശദാംശം തയ്യാറാക്കുകയും അവയെ പ്രവർത്തന കലണ്ടറിലേക്ക് ഉൾച്ചേർക്കുകയും വേണം.
- ഹയർ സെക്കന്ററിവിഭാഗത്തിലെ ഗണിതലാബിന്റെ പ്രയോജനം ഇതരവിഭാഗങ്ങൾക്കും ലഭ്യമാക്കേണ്ടതുണ്ട്.

VII. വിഷയം-ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

ലക്ഷ്യങ്ങൾ

1. പഠനബോധനപ്രക്രിയയിലും അറിവു നിർമ്മാണപ്രക്രിയയിലും കമ്പ്യൂട്ടർ ഉൾച്ചേർന്നുള്ള വിവരസാങ്കേതികവിദ്യയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തുക.
2. മാനവരാശി വികസിപ്പിക്കുന്ന അറിവിനെ അതതവസരങ്ങളിൽ അറിയാനുള്ള സാധ്യത പ്രയോജനപ്പെടുത്തുക.
3. നിർമ്മിതബുദ്ധി, റോബോട്ടിക്സ് എന്നിവയുടെ സാധ്യതകൾ പഠനപ്രക്രിയയിൽ പ്രയോജനപ്പെടുത്തുക.
4. സാങ്കേതികവിദ്യയുടെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തുന്നതോടൊപ്പം ചതിക്കുഴികളിൽ അകപ്പെടാതെ എന്തെന്ത് കരുതലുകൾ വേണം എന്ന തിരിച്ചറിവ് വികസിപ്പിക്കുക.
5. കുട്ടികൾക്ക് നിർഭയമായും സ്വതന്ത്രമായും കംപ്യൂട്ടർ അടക്കമുള്ള വിവരസാങ്കേതികവിദ്യാ സാധ്യതകൾ ഉപയോഗിക്കാനുള്ള അവസരങ്ങൾ ഒരുക്കുക.
6. ഓരോ കുട്ടിക്കും ആധുനിക വിവര സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ അസിസ്റ്റീവ് ടെക്നോളജി ഉറപ്പാക്കുകയും അതിൽ കുട്ടികൾക്കും രക്ഷകർത്താക്കൾക്കും പരിശീലനം നൽകുകയും ചെയ്യുക.

പ്രവർത്തനങ്ങൾ (ഉദാഹരണം)

- കുട്ടികൾക്കും ടീച്ചർക്കും (ടൈപ്പിംഗ്, ഇന്റർനെറ്റ് എടുക്കൽ, ഫോൾഡർ നിർമ്മാണം തുടങ്ങിയവ) കംപ്യൂട്ടർ നൈപുണി വികസിപ്പിക്കുക.
- പഠനപ്രക്രിയയുടെ ഭാഗമായി പ്രശ്നപരിഹരണത്തിന് ആവശ്യമായ വിവരങ്ങൾ ഇന്റർനെറ്റ് വഴി ശേഖരിക്കുക.
- സോഷ്യൽമീഡിയ, അനിമേഷൻ സാധ്യതകൾ പരിചയപ്പെടുത്തുക
- ഇതിനായുള്ള പ്രവർത്തനപദ്ധതികൾ വികസിപ്പിക്കുക.
- ഓരോ വിഷയമേഖലകളിലും ഈ സാധ്യതയെ പ്രയോജനപ്പെടുത്താനുള്ള അന്വേഷണചിന്ത.
- ഈ സങ്കേതത്തെ വിവേകപൂർണ്ണമായി പ്രയോജനപ്പെടുത്താമെന്ന തിരിച്ചറിവ് എന്നിവ വികസിപ്പിക്കുക.

VIII. തൊഴിൽ ഉദ്ഗ്രഥിതവിദ്യാഭ്യാസം

- വിവിധതൊഴിൽ മേഖലകളെക്കുറിച്ച് അവബോധം നേടുന്നതിനും അതിലൂടെ തങ്ങളുടെ ഇഷ്ടമേഖല/മേഖലകൾ ഏതൊക്കെയെന്ന് തിരിച്ചറിയുന്നതിനും പഠിതാക്കളെ പ്രാപ്തരാക്കുക.

- തൊഴിൽ മനോഭാവം, തൊഴിൽ ആഭിമുഖ്യം, തൊഴിൽ ചെയ്യുന്നവരോടുള്ള ആദരവ്, തൊഴിൽ നൈപുണി, നിർമ്മാണാത്മകശേഷി എന്നിവ വികസിപ്പിക്കുന്നതിന് ആവശ്യമായ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- തൊഴിൽ ഉദ്ഗ്രഥിതവിദ്യാഭ്യാസത്തിലെ വ്യത്യസ്തമേഖലകളായ കൃഷി, ക്ഷീരവ്യവസായം, പാഴ് വസ്തുപരിപാലനം, മാധ്യമങ്ങളുംവിനോദവും, ടൂറിസം, സാമ്പത്തിക സാക്ഷരത, ഫാഷൻ ഇൻ പാഷൻ, പാർപ്പിടം, പ്ലംബിങ്, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ്, പ്രിന്റിങ് , സ്റ്റേഷനറി, കരകൗശലം, വസ്തുനിർമ്മാണം, എംബ്രോയിഡറി, ക്ലേ മോഡലിങ്, പെയിന്റിങ് എന്നിവയെ മറ്റു വിഷയങ്ങളുമായി ഉദ്ഗ്രഥിച്ചു കൊണ്ട് പഠനപ്രവർത്തനങ്ങൾ അനുഭവവേദ്യമാക്കുക.
- ഒമ്പതാം തരത്തിലെയും പത്താം തരത്തിലെയും 'സ്വയംതെളിയാം' എന്ന മൃദുനൈപുണിവികാസ പ്രവർത്തനപുസ്തകങ്ങളുടെ ഉപയോഗത്തിലൂടെ പഠിതാക്കളെ സ്വയം അവബോധമുള്ളവരാക്കിത്തീർക്കുക.
- പഠിതാക്കളുടെ നൈപുണിവികാസം വിലയിരുത്തുകയും തുടർപ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യുക.
- വിവിധ മൃദുനൈപുണികളുടെയും തൊഴിൽ നൈപുണികളുടെയും വികാസത്തിലൂടെ പഠിതാക്കളിൽ വൈകാരിക സുസ്ഥിതി ഉറപ്പാക്കുക.
- ഐ.സി.ടി പ്രയോജനപ്പെടുത്തി തൊഴിൽ രംഗത്തുള്ള നവസാധ്യതകൾ വിവിധ വിഷയങ്ങളുമായി ഉദ്ഗ്രഥിച്ച് വിനിമയം ചെയ്യാനുള്ള നൈപുണി അധ്യാപകരിൽ വികസിപ്പിക്കുക.
- പ്രാദേശിക വിഭവ സാധ്യത പ്രയോജനപ്പെടുത്തി മേൽ സൂചിപ്പിച്ച മൃദുനൈപുണികൾ തൊഴിൽ നൈപുണികളും വികസിപ്പിക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യണം. പന്ത്രണ്ടാം തരം കഴിഞ്ഞു പോകുന്ന കുട്ടി ഏതെങ്കിലും ഒരു തൊഴിൽ മേഖലയിൽ നൈപുണ്യം നേടി വിടുന്നു എന്ന് ഉറപ്പാക്കേണ്ടതുണ്ട്.

IX. വിഷയം-കലാവിദ്യാഭ്യാസം

<u>ലക്ഷ്യങ്ങൾ</u>

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികാസത്തിന് അവസരമൊരുക്കുക.
4. ആധുനികശാസ്ത്ര-സാങ്കേതികവിദ്യാ സാധ്യതകൾ കലാപരിശീലനത്തിനായി പ്രയോജനപ്പെടുത്തുക.

5. ഇതിനാവശ്യമായ പുതുമയായ പ്രവർത്തനപദ്ധതികൾ ആവിഷ്കരിക്കുക.
6. ആദിവാസി മേഖലകളിലടക്കം വ്യത്യസ്ത പ്രദേശങ്ങളിൽ അവരുടെ തനതുകലകളെ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനപദ്ധതികൾ വികസിപ്പിക്കുക.

## X. വിഷയം-ആരോഗ്യകായിക വിദ്യാഭ്യാസം

<u>ലക്ഷ്യങ്ങൾ</u>

1. എല്ലാ കുട്ടികൾക്കും വ്യായാമം, കളികൾ എന്നിവയിലൂടെ കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
2. ശാസ്ത്രീയമായ ആരോഗ്യശീലങ്ങൾ വളർത്തുക.
3. ആരോഗ്യ, കായികവിദ്യാഭ്യാസത്തിന് പ്രാദേശിക-ലിംഗ- വർഗ്ഗഭേദമന്യേ എല്ലാകുട്ടികൾക്കും അവസരങ്ങൾ ഒരുക്കുക.
4. ക്യാംപസിനെ മാലിന്യമുക്തമാക്കൽ, ഹരിതാഭമാക്കൽ തുടങ്ങിയവയിൽ പങ്കെടുക്കാനുള്ള മനോഭാവം വികസിപ്പിക്കുക.
5. ആധുനിക ശാസ്ത്രസാങ്കേതികവിദ്യാ സാധ്യതകൾ ആരോഗ്യ കായിക വിദ്യാഭ്യാസത്തിനായി പ്രയോജനപ്പെടുത്തുക.

ധാരാളം പ്രവർത്തന സാധ്യതയുള്ള ഒരു മേഖലയാണിത്. കുട്ടികൾക്ക് ആവശ്യമുള്ള വ്യായാമം ഉറപ്പാക്കാൻ കഴിയണം. പൊതുപരിശീലനപരിപാടികളിൽ എല്ലാവർക്കും പങ്കാളിത്തം ലഭിക്കും വിധം ക്രമീകരണങ്ങൾ നടത്തണം. ഫുട്ബോൾ, വോളിബോൾ തുടങ്ങി കുട്ടികൾക്ക് താൽപര്യമുള്ള ഗെയിംസ് ഇനങ്ങളിൽ ഉള്ള കഴിവുകൾ പരമാവധി വികസിപ്പിക്കാനുള്ള അവസരങ്ങൾ ഉണ്ടാകണം. കായികമത്സരങ്ങൾ ഒരു നിശ്ചിത ഇടവേളകളിൽ ഉണ്ടാകുന്നത് അഭികാമ്യമാണ്. എയ്റോബിക് പരിശീലനം, ആരോഗ്യബോധവൽക്കരണ പരിപാടികൾ, ചടുല ചലനങ്ങളുള്ള കലാരൂപങ്ങളുടെ പരിശീലനം, സൈക്ലിംഗ് പരിശീലനം, ഓരോ നാട്ടിലേയും തനത് കായികരൂപങ്ങളെ പരിചയപ്പെടുത്തുകയും സംരക്ഷിക്കുകയും ചെയ്യുക. തുടങ്ങിയ എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തണം. പെൺകുട്ടികൾക്ക് തുല്യ അവസരം ഉറപ്പാക്കണം.

കുട്ടികൾക്ക് മാനസിക ഉല്ലാസം ഉറപ്പാക്കുന്നതിനായും അവർക്ക് പല കാരണങ്ങളാൽ ഉണ്ടാകാൻ ഇടയുള്ള സമ്മർദ്ദം, ആകാംക്ഷ പിരിമുറുക്കം എന്നിവയിൽ നിന്ന് മോചിതമാകുന്നതിന് സഹായിക്കുന്ന കായിക പ്രവർത്തനങ്ങൾ ഉണ്ടാകണം. സുംബ ഡാൻസ് ഒരു ഉദാഹരണം.

## XI. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായുള്ള പരിശീലന പരിപാടി

<u>ലക്ഷ്യങ്ങൾ</u>

1. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കും മറ്റെല്ലാ കുട്ടികൾക്കും ലഭ്യമാകുന്ന പരിഗണന

ഉറപ്പാക്കുകയും ചെയ്യുക. (സവിശേഷ സാഹചര്യങ്ങളിൽ ആവശ്യമായ അധിക പരിഗണന നൽകുക).

2. ഈ വിഭാഗം കുട്ടികൾക്ക് ഓരോ ക്ലാസിനും – വിഷയത്തിനും അനുരൂപീകരിച്ച സൂക്ഷ്മതല പ്രക്രിയ തയ്യാറാക്കി ടൈഔട്ട് ചെയ്ത് മെച്ചപ്പെടുത്തുക.
3. പ്രത്യേകപരിഗണന അർഹിക്കുന്ന കുട്ടികളുടെ സർഗ്ഗാത്മകമായ കഴിവുകൾ കണ്ടെത്താനും പരിപോഷിപ്പിക്കാനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.
4. ആധുനികവിവരസാങ്കേതികവിദ്യയിൽ ഭിന്നശേഷികുട്ടികൾക്ക് കമ്പ്യൂട്ടർ അടക്കമുള്ള ഉചിതമായ അനുരൂപീകരിച്ച പരിശീലനം ഉറപ്പാക്കുക.

ഈ വിഭാഗത്തിനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായും സമയബന്ധിതമായും വികസിപ്പിക്കണം. പലതരം സവിശേഷതകൾ നേരിടുന്ന കുട്ടികളെ വളരെ ചെറുപ്പത്തിൽ തന്നെ കണ്ടെത്താൻ പ്രദേശത്തെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളുമായി യോജിച്ച കൊണ്ടുള്ള മെഡിക്കൽ പരിശോധനകൾ, വിവിധ സ്കീമുകളിലൂടെ ലഭ്യമാവുന്ന ആനുകൂല്യങ്ങൾ യഥാസമയം നേടിയെടുക്കാനാവശ്യമായ പ്രവർത്തനങ്ങൾ, റിസോഴ്സ് അധ്യാപകരെ യഥാസമയം നിയോഗിക്കാനാവശ്യമായ ഇടപെടലുകൾ, പാഠഭാഗങ്ങൾ യഥാസമയം അനുരൂപീകരണം നടത്തുന്നതിനുള്ള ക്യാമ്പുകൾ, സാമഗ്രികൾ ഈ വിഭാഗം കുട്ടികളുടെ സവിശേഷകഴിവുകൾ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ, ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ ആവശ്യമായ മാറ്റങ്ങളോടെ ഈ കുട്ടികൾക്കും പ്രാപ്യമാകുന്നതിനുള്ള പ്രവർത്തനങ്ങൾ, രക്ഷാകർതൃവിദ്യാഭ്യാസം എന്നിവയെല്ലാം പ്രവർത്തനപദ്ധതിയുടെ ഭാഗമാകണം.

ചുരുക്കത്തിൽ സ്കൂളിലെ അധ്യാപകരെ അക്കാദമിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും ഫലപ്രദമായി നിർവ്വഹിക്കാനും പ്രാപ്തരാക്കുന്നതിനുള്ള അന്വേഷണങ്ങൾ നടത്തുക എന്നത്. ഇതിനായും ഫലപ്രദമായ കർമ്മപരിപാടികൾ ഉണ്ടാകണം. ഹയർസെക്കന്ററി വിഭാഗത്തിന്മേൽ സൂചിപ്പിച്ച ഓരോ വിഷയങ്ങളിലും കുറേക്കൂടി ഉയർന്ന തലത്തിലുള്ള പ്രവർത്തനപദ്ധതികളാവാം.

**XII. തീരദേശ, ഗോത്ര, തോട്ടം മേഖലയിലെ കുട്ടികൾക്കായുള്ളതും, അതിഥിത്തൊഴിലാളികളുടെ കുട്ടികൾക്കുള്ളതുമായ പരിപാടികൾ**

**ലക്ഷ്യങ്ങൾ**

1. തീരദേശ, ഗോത്ര, തോട്ടം മേഖലയിലെ സവിശേഷ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.
2. അതിഥിത്തൊഴിലാളികളുടെ കുട്ടികൾക്കായുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുക.
3. കുട്ടികൾ തുടർച്ചയായി സ്കൂളുകളിൽ ഹാജരാകാത്ത അവസ്ഥയുണ്ടെങ്കിൽ അതിന്റെ കാരണം

കണ്ടെത്തി ഇടപെടൽ നടത്തുക. ഇതിനായി വിവിധ ഡിപ്പാർട്ട്മെന്റുകളുടെയും ഏജൻസികളുടെയും പങ്കാളിത്തം ഉറപ്പാക്കുക.

4. പഠന പിന്തുണ ആവശ്യമായ കുട്ടികളെ കണ്ടെത്തി പഠന പിന്തുണ നൽകാനുള്ള പ്രവർത്തനങ്ങൾ ഉറപ്പാക്കുക.

പ്രവർത്തനങ്ങൾ ഉദാഹരണം

- ആവശ്യമായ സന്ദർഭങ്ങളിൽ തദ്ദേശസ്വയംഭരണതല വിദ്യാഭ്യാസ സമിതി, വിവിധ ഡിപ്പാർട്ട്മെന്റുകൾ എന്നിവയുടെകൂടി പങ്കാളിത്തത്തോടെ കുട്ടികളുടെ ഗൃഹസന്ദർശന പരിപാടി നിശ്ചിത ഇടവേളകളിൽ നടത്തുക.
- അറ്റൻഡൻസ് ട്രാക്കിംഗ് നടത്തി കുട്ടികളെ സ്ഥിരമായി സ്കൂളിൽ വരാൻ പ്രേരിപ്പിക്കുക.
- പഠന പിന്തുണ നൽകേണ്ട കുട്ടികൾക്ക് ഉചിതമായ പിന്തുണ രീതിശാസ്ത്രം വികസിപ്പിക്കുക(ഉദാ. ഭാഷാപരമായ പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുക) സാംസ്കാരികമായ ഘടകങ്ങൾ തടസ്സമാകുന്നെങ്കിൽ അവ മനസ്സിലാക്കി അനുയോജ്യമായ രീതിയിൽ അതിനെ മറികടക്കാനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.
- ഇതുപോലെ ഓരോ പ്രദേശത്തിന്റെയും സവിശേഷതകൾക്കനുയോജ്യമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

ചുരുക്കത്തിൽ

അക്കാദമിക വികസന ആസൂത്രണരേഖ വളരെ സമഗ്രമായി തയ്യാറാക്കണം. അക്കാദമിക മാസ്റ്റർപ്ലാൻ എന്നത് സമാന്തര പദ്ധതി രേഖയല്ല. സ്കൂളിൽ നടക്കുന്ന അക്കാദമിക പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനുള്ള രേഖയാണ്. ഇത് ഔപചാരിക പഠനപദ്ധതിയുടെ ഉള്ളിൽ തന്നെ നിൽക്കേണ്ട രേഖയാണ്. സംസ്ഥാന അടിസ്ഥാനത്തിൽ നിർദ്ദേശിക്കപ്പെട്ട സ്കീം ഓഫ് വർക്കും സ്കൂൾ കലണ്ടറിന്റെ ഭാഗമായ പ്രവർത്തനങ്ങളും എല്ലാം ഉൾച്ചേർന്ന രേഖയാണിത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടിൽ ഊന്നിക്കൊണ്ട് പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് സമഗ്രഗുണമേന്മാ വിദ്യാഭ്യാസപദ്ധതിയുടെ കാതൽ. മികവ് എന്നാൽ അക്കാദമിക മികവാണ്. ആയതിനാൽ കരിക്കുലം വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ അതത് പ്രായഘട്ടത്തിൽ കുട്ടികൾക്ക് ലഭിച്ചു എന്ന് ഉറപ്പാക്കും വിധമാണ് അക്കാദമിക ആസൂത്രണം നടത്തേണ്ടത്. കുട്ടികളുടെ ശാരീരിക- മാനസിക-വൈകാരിക തലങ്ങളെ കണ്ടു കൊണ്ടാകണം അക്കാദമിക ആസൂത്രണം. മതനിരപേക്ഷത, സഹവർത്തിത്വം, സഹകരണം, അനുതാപം, സംഘബോധം, ലിംഗാവബോധം, തുല്യത, സമഭാവന, ശാസ്ത്രബോധം, അന്ധതാഴ്ചകൾക്കെതിരെ നില

കൊള്ളുന്നതെന്ന ബോധം ഉണർന്ന ജനാധിപത്യ-മതനിരപേക്ഷ സമൂഹത്തിന് അനിവാര്യമായ മൂല്യബോധവും മനോഭാവവും പഠനാനുഭവങ്ങളിലൂടെയും മറ്റ് സ്കൂൾഅനുഭവങ്ങളിലൂടെയും ഉണ്ടാകാനാവശ്യമായ പ്രവർത്തനങ്ങൾ അക്കാദമിക വികസനരേഖയിലുണ്ടാകണം. ഓരോ സ്ഥാപനത്തിന്റെയും സാധ്യതകളും പരിമിതികളും പരിഗണിച്ച് മുൻഗണനാടിസ്ഥാനത്തിലാകണം പ്രവർത്തനങ്ങൾ പട്ടികപ്പെടുത്തേണ്ടത്. കുട്ടികളുടെ വൈയക്തികവും വൈകാരികവുമായ വളർച്ചയും വികാസവും ഉറപ്പാക്കാൻ കഴിയണം. ഒരു ജനാധിപത്യ സമൂഹത്തിൽ ജീവിക്കാനാവശ്യമായ അറിവും കഴിവും മനോഭാവമുള്ളവരുമായി കുട്ടികൾ വളരണം. അതുകൊണ്ട് തന്നെ കുട്ടികളെ നിരന്തരമായി മോണിറ്റർ ചെയ്യാൻ സഹായകമാകും വിധം മെന്ററിംഗ് എങ്ങിനെ നടത്തും എന്നതിന്റെ വ്യക്തതയും അക്കാദമിക മാസ്റ്റർപ്ലാനിലുണ്ടാകണം.

<u>സമയക്രമം നിശ്ചയിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ</u>

അക്കാദമികമാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്കൂൾ ഏറ്റെടുക്കുന്ന ഓരോ ദൗത്യവും ഫലപ്രാപ്തിയിലെത്തിക്കണമെങ്കിൽ സൂക്ഷ്മതല ആസൂത്രണം അനിവാര്യമാണ്. ഇങ്ങിനെ ചെയ്യുമ്പോൾ ഓരോ ദൗത്യവും സംബന്ധിച്ച ലക്ഷ്യപ്രസ്താവനകൾ നടത്തേണ്ടിവരും. ലക്ഷ്യപ്രസ്താവനയുടെ തുടർച്ചയായി ഇതു സാധിതമാക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തേണ്ടിവരും. ഇത് ചെയ്യുമ്പോൾ വിവിധ കാലയളവിൽ ചെയ്തു തീർക്കാവുന്ന പ്രവർത്തനങ്ങൾ ഉണ്ടാകണം. അവയെ മൂന്നായി തരം തിരിക്കാം.

1. ഹ്രസ്വകാല പ്രവർത്തനങ്ങൾ (2-7 മാസം കൊണ്ട് ലക്ഷ്യ പ്രാപ്തിയിലെത്താവുന്നവ).
2. മധ്യമകാല പ്രവർത്തനങ്ങൾ (ഒരു വർഷം കൊണ്ടു ലക്ഷ്യ പ്രാപ്തിയിലെത്തിക്കാവുന്നവ).
3. ദീർഘകാലപ്രവർത്തനങ്ങൾ (ഒരു വർഷത്തിനു മേൽ സമയം ലക്ഷ്യ പ്രാപ്തിയിലെത്തിക്കുന്നതിന് ആവശ്യമായവ).

ഈ അക്കാദമിക ആസൂത്രണരേഖ തയ്യാറാക്കുമ്പോൾ ദീർഘകാല ലക്ഷ്യങ്ങളും ദീർഘകാലപരിപാടികളും ഹ്രസ്വകാലപരിപാടികളും ഉണ്ടാകണം. ഉടൻ ലക്ഷ്യം കാണുന്ന പ്രവർത്തനങ്ങൾ ഉണ്ടെങ്കിലേ രക്ഷാകർതൃ സമൂഹം അടങ്ങുന്ന പൊതുസമൂഹത്തെ ഉത്സാഹത്തോടെ അണിനിരത്താനാകു. വിദ്യാഭ്യാസമെന്നാൽ ദീർഘ കാലാടിസ്ഥാനത്തിൽ മാത്രം സ്ഥായിയായ ഫലം ഉണ്ടാക്കുന്നതാണ്. എന്നാൽ ഹ്രസ്വകാലാടിസ്ഥാനത്തിൽ ഫലമുണ്ടാക്കുന്ന പ്രവർത്തനങ്ങളും സാധ്യമാണ്. ഉദാഹരണം.

1. വായന – സ്കൂളിലെ മുഴുവൻ കുട്ടികളും ആശയഗ്രഹണത്തോടെ, അർത്ഥ പൂർണമായി വായിക്കുന്നു എന്നുറപ്പാക്കുന്നു. രണ്ടു മൂന്നു മാസം കൊണ്ട് ചെയ്യാവുന്ന ഒരു പ്രവർത്തനമാണിത്.

2. എല്ലാ കുട്ടികളും ആശയവ്യക്തതയോടെ എഴുതുന്നു (6-7 മാസം കൊണ്ട് നേടിയെടുക്കാവുന്ന പ്രവർത്തനമായി ഇതിനെ മാറ്റാം).
3. ഇംഗ്ലീഷിൽ ആശയവിനിമയം നടത്താനുള്ള (പറയാനും, വായിക്കാനും, എഴുതാനും) കഴിവ് ആർജിക്കുന്നു. (6-7 മാസം കൊണ്ട് നേടിയെടുക്കാവുന്ന പ്രവർത്തനമായി ഇതിനെ മാറ്റാം).
4. ഹിന്ദിയിൽ ആശയവിനിമയം (പറയാനും, വായിക്കാനും, എഴുതാനും) നടത്താനുള്ള കഴിവ് ആർജിക്കുന്നു (6-7 മാസം കൊണ്ട് നേടിയെടുക്കാവുന്ന പ്രവർത്തനമായി ഇതിനെ മാറ്റാം).
5. അടിസ്ഥാനഗണിതക്രിയകൾ സ്വായത്തമാക്കുന്നു. (5-6 മാസം കൊണ്ട് നേടിയെടുക്കാവുന്ന പ്രവർത്തനമായി ഇതിനെ മാറ്റാം).
6. കായികക്ഷമത നേടാനുള്ള പ്രവർത്തനം.
7. വിലയിരുത്തൽ ഫലങ്ങൾ വിശകലനം ചെയ്ത് പരിമിതികൾ മറികടക്കാനുള്ള പ്രവർത്തനങ്ങൾ.
8. ഭാഷ, ഗണിതം, ശാസ്ത്രം, സാമൂഹ്യശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ കരിക്കുലം വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ ആർജ്ജിക്കാനുള്ള പ്രായോഗിക പ്രവർത്തനങ്ങളും ഉണ്ടാകണം.
9. ഈ പ്രവർത്തനങ്ങൾ ചെയ്യുമ്പോൾ ചില കുട്ടികൾക്കെങ്കിലും കൂടുതൽ സമയം വേണ്ടി വരും. ഇവർക്കാവശ്യമായ വിദ്യാഭ്യാസ പിന്തുണ നൽകാൻ സ്കൂൾ സമയത്തിന് പുറത്തുള്ള സമയം കൂടി ചിലപ്പോൾ കണ്ടെത്തേണ്ടി വരും.
10. ഏറ്റവും വലിയ വെല്ലുവിളി ശാസ്ത്ര-സാങ്കേതികവിദ്യാ സാധ്യതകളെ ക്ലാസ്റൂം പഠനവുമായി ബന്ധപ്പെടുത്താനുള്ള ആത്മവിശ്വാസവും അറിവും രീതിശാസ്ത്രവും അധ്യാപകർ സ്വാംശീകരിക്കുക എന്നതാണ്. അനുഭവത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇത് സ്വാംശീകരിക്കാൻ കഴിയൂ. ആയതിനാൽ ഇതിനായി സ്വയംസജ്ജമാകാൻ അധ്യാപകരെ സഹായിക്കുക എന്നത് അടിയന്തിരമായും ഏറ്റെടുക്കേണ്ട പ്രവർത്തനമാകും.
11. കുട്ടികളുടെ സർഗ്ഗാത്മകത വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ- കല, കായികം, പ്രവർത്തി പരിചയം തുടങ്ങിയ എല്ലാ മേഖലകളേയും ഉൾക്കൊള്ളുന്നത്.

അക്കാദമിക വികാസത്തെ ശക്തിപ്പെടുത്തുന്ന ഭൗതിക സൗകര്യ വികസന സൂചനകൾ അക്കാദമിക മാസ്റ്റർപ്ലാനിൽ ഉണ്ടാകണം.

കൂടാതെ താഴെപറയുന്ന കാര്യങ്ങളും പ്രധാനമാണ്.

ശുചിത്വവിദ്യാലയം ഹരിതവിദ്യാലയം

1. മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കാൻ സൗകര്യങ്ങൾ- ക്ലാസ്സിലും സ്കൂൾ ക്യാമ്പസ്സിലും.
2. കമ്പോസ്റ്റിങ് സൗകര്യങ്ങൾ

ഹരിതപരിസരം ഉറപ്പാക്കൽ

1. ജൈവവൈവിധ്യപാർക്ക്
2. വൃക്ഷവൽക്കരണം
3. പച്ചത്തുരുത്തുകൾ
4. ശലഭോദ്യാനം
5. ഔഷധത്തോട്ടം
6. ജൈവകൃഷിത്തോട്ടം

സൗന്ദര്യവല്ക്കരണം

1. പൂന്തോട്ടം
2. കുട്ടികളുടെപാർക്ക്
3. ചുറ്റുമതിൽ - പുറംഭിത്തിയും അകംഭിത്തിയും ആകർഷകമാക്കുക
4. പ്രവേശനകവാടങ്ങൾ മികച്ചതാക്കൽ
5. ആവശ്യത്തിന് ഡ്രെയിനേജ് സൗകര്യം ഒരുക്കൽ
6. ദിശാബോർഡുകൾ സ്ഥാപിക്കൽ
7. മരങ്ങൾക്ക് ചുറ്റും കുട്ടികൾക്കുള്ള ഇരിപ്പിടങ്ങൾ
8. വിദ്യാലയകെട്ടിടങ്ങളുടെ ചുവരുകൾ പഠനമൂല്യമുള്ളതാക്കി മാറ്റൽ
9. സ്കൂൾ മതിലിന് പുറത്ത് റോഡിനിടയിലുള്ള സ്ഥലം കാലാവസ്ഥക്കനുയോജ്യമായ പൂക്കളോ ചെടികളോ നട്ട് ആകർഷകമാക്കൽ.

<u>ലഹരി വിരുദ്ധ അവബോധം കുട്ടികളിൽ വളർത്തുക</u>

കുട്ടികളിൽ ലഹരിക്കെതിരായ മനോഭാവമാണ് വികസിക്കേണ്ടത്.

- പാഠപുസ്തകങ്ങളിലെ ആശയങ്ങളിൽ അനുയോജ്യമായവ വിനിമയം ചെയ്യുമ്പോൾ ലഹരിക്കെതിരായ മനോഭാവം വളർത്താൻ സഹായകമായ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.
- 'തെളിവാനം വരക്കുന്നവർ' എന്ന പുസ്തകത്തിലെയും അതിനോട് അനുബന്ധിച്ച് നൽകിയ മോഡ്യൂളിലെയും പ്രവർത്തനങ്ങൾ കുട്ടികളെക്കൊണ്ട് ചെയ്യിക്കൽ.
- സ്കൂൾ പാർലമെന്റിന്റെ നേതൃത്വത്തിൽ ഓരോ പ്രദേശത്തിന്റെ സവിശേഷതകൾ പരിഗണിച്ച് പ്രവർത്തനങ്ങൾ ആവിഷ്കരിക്കൽ.
- ക്ലാസ് തല ചർച്ചകൾ, സംവാദങ്ങൾ.
- ലഹരി വിരുദ്ധ മുദ്രാഗീതങ്ങൾ രചിക്കുക.
- ലഹരി വിരുദ്ധ സന്ദേശങ്ങൾ പൊതുഇടങ്ങളിൽ പ്രചരിപ്പിക്കുക.

- സ്കൂളിനകത്തേക്ക് ലഹരിക്കിടയായ വസ്തുക്കൾ ആരും തന്നെ കൊണ്ടുവരുന്നില്ല എന്നുറപ്പാക്കുക(അന്തരീക്ഷ സൃഷ്ടിയാണ് പ്രധാനം).
- ലഹരി വിരുദ്ധ സന്ദേശ റാലികൾ

തുടങ്ങി വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ആകാവുന്നതാണ്.

**സമൂഹബന്ധ ആസൂത്രണരേഖ**

അക്കാദമിക വികസനരേഖക്കനുസൃതമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന ഘട്ടത്തിലും സമൂഹത്തിന്റെ സക്രിയമായ പങ്കാളിത്തം എല്ലാതലത്തിലും ഉറപ്പാക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി സ്കൂൾ അധ്യാപകരക്ഷാകർതൃസമിതി, ക്ലാസ് പിടിഎ, സ്കൂൾ മാനേജ്മെന്റ് കമ്മറ്റി, പൂർവവിദ്യാർത്ഥി സംഘടന, പൂർവാധ്യാപകകൂട്ടായ്മ, സ്കൂൾ വികസനസമിതി, മാതൃസമിതി തുടങ്ങി സമൂഹവുമായി ബന്ധപ്പെടാവുന്ന എല്ലാവിധ കൂട്ടായ്മകളും ശക്തിപ്പെടുത്തണം.

**ഹ്രസ്വകാല അക്കാദമിക പ്രവർത്തനങ്ങൾ - വിശദാംശങ്ങൾ**

ഉടൻ ഫലം കിട്ടുന്ന ചില പ്രവർത്തനങ്ങൾ പൊതുസമൂഹം പ്രതീക്ഷിക്കുന്നുണ്ട്. ഇത് പ്രവർത്തനങ്ങൾ നടത്തുന്നവർക്കും ആവേശത്തോടെയും ഉത്സാഹത്തോടെയും പ്രവർത്തനങ്ങളെ സഹായിക്കുന്നവർക്കും ആത്മവിശ്വാസം പകരാനും തുടർ പദ്ധതികൾ ഏറ്റെടുക്കുന്നതിനും ആവശ്യമാണ്. ആയതിനാൽ സംസ്ഥാനത്ത് മുഴുവൻ വിദ്യാലയങ്ങളിലും നിർബന്ധമായും നടക്കേണ്ട ചില പ്രവർത്തനങ്ങളും അതിന്റെ സൂക്ഷ്മതല ആസൂത്രണത്തിന് സഹായകമായ ചില വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

**പഠനപരിപോഷണപദ്ധതികൾ**

പഠനം ഫലപ്രദമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് പഠനപരിപോഷണപദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. ടേംവിലയിരുത്തലുകൾ/ നിരന്തരവിലയിരുത്തലുകൾ കഴിയുമ്പോൾ കുട്ടികളുടെ ഉത്തരക്കടലാസുകൾ വിശകലനം ചെയ്താൽ ഓരോ കുട്ടിയുടെയും ശക്തി ദൗർബല്യങ്ങൾ മനസ്സിലാക്കാൻ കഴിയും. ഓരോ ഘട്ടത്തിലും കുട്ടിയുടെ പഠനനില തിരിച്ചറിയുക എന്നത് പ്രധാനമാണ്. അതനുസരിച്ച് നിലവിലുള്ള പരിമിതികൾ പരിഹരിക്കുന്നതിനായി പഠനപിന്തുണാ പ്രവർത്തനങ്ങൾ നടത്തി പഠനപുരോഗതി ഉറപ്പുവരുത്തുന്നതിനും പ്രവർത്തനങ്ങൾ ആവശ്യമാണ്. പഠനനില തിരിച്ചറിഞ്ഞ് ആവശ്യമായ പഠനപിന്തുണ നൽകുക എന്നത് പഠനപ്രവർത്തനത്തിന്റെ അനിവാര്യ അഭിവാജ്യഭാഗമായി മാറണം. ഒറ്റത്തവണ രീതിയായല്ല കാണേണ്ടത് തുടർ പ്രവർത്തനമായാണ്. ഇതിന്റെ ഭാഗമായി വൈവിധ്യമുള്ള പഠനാനുഭവങ്ങൾ ഒരുക്കാൻ അധ്യാപകരെ സജ്ജരാക്കിയും പഠനാന്തരീക്ഷത്തിൽ മാറ്റം വരുത്തിയും പഠനം ശക്തിപ്പെടുത്താനാവും. ഓരോ വിദ്യാലയങ്ങൾക്കും അവരുടെ കുട്ടികളുടെ സവിശേഷതകൾ മുൻനിർത്തിയുള്ള ഈ പ്രവർത്തനങ്ങൾ

സമഗ്രാസൂത്രണത്തിന്റെ ഭാഗമായി ഉൾപ്പെടുത്തി നടപ്പിലാക്കാവുന്നതാണ്.

4. മറ്റ് പ്രവർത്തനങ്ങൾ

അക്കാദമികമാസ്റ്റർ പ്ലാനിൽ പറഞ്ഞ മറ്റ് പ്രവർത്തനങ്ങൾ ഓരോ സ്ഥാപനത്തിന്റെയും സാധ്യതയ്ക്കനുസരിച്ച് മുൻഗണനാക്രമം നൽകി സ്വതന്ത്രമായി ആവിഷ്കരിക്കാം.

1. പ്രതിഭാ പോഷണപരിപാടികൾ

പല വിധത്തിലുള്ള പ്രതിഭകളാൽ സമ്പന്നമാണ് വിദ്യാലയങ്ങൾ. ഇവരുടെയെല്ലാം കഴിവുകളെ പരിപോഷിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സ്കൂൾ അക്കാദമികമാസ്റ്റർ പ്ലാനിൽ ഉണ്ടാകണം. വിദഗ്ധരായ അതിഥിയധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തൽ, വിവിധ ശാസ്ത്രഗവേഷണസ്ഥാപനങ്ങൾ, കലാ-സാംസ്കാരികസ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെടുത്തിയുള്ള പഠനപരിപാടികൾ, ഗവേഷണപ്രവർത്തനങ്ങൾ, പഠനയാത്രകൾ, ക്യാമ്പുകൾ തുടങ്ങിയവയെല്ലാം ഈ പദ്ധതിയുടെ ഭാഗമാക്കാം. എൽ.എസ്.എസ്., യു.എസ്.എസ്., NAS, SAS, സ്റ്റെപ്സ്, നുമാത്സ് എന്നീ പ്രതിഭാപോഷണപരിപാടികളുടെ സ്കൂൾ പ്രവർത്തനങ്ങൾ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തേണ്ടതുണ്ട്.

2. ഭിന്നശേഷിക്കാർക്കുള്ള പരിഗണന

സ്കൂൾ അക്കാദമികപദ്ധതിയിൽ ഭിന്നശേഷിക്കാരെ പരിഗണിച്ചുള്ള പ്രത്യേക പരിപാടികളും ഉൾച്ചേർക്കണം. പ്രത്യേക പരിശീലനമുറികൾ, പഠനോപകരണങ്ങൾ എന്നിവയ്ക്കൊപ്പം നവീന സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള പരിശീലനവും ആസൂത്രണം ചെയ്യണം. തൊഴിൽ പരിശീലനത്തിനും അവസരമൊരുക്കണം.